കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-പികെഡി-19/1518/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: -13-01-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി-19/1518/2019 തിയ്യതി: -13-01-2020

## പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-07-2018 മുതൽ 20-10-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21-10-2019 മുതൽ 30-10-2019 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി.ഹരിഗോബിന്ദ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.പി.കാർത്തിക | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശാലിനി കറുപ്പേഷ് | 1-4-2018 മുതൽ 31-3-2019 |

| | | |
|---|---|---|
| | | വരെ |
| സെക്രട്ടറി | ശ്രീ.കെ.മുരളി | 1-4-2018 മുതൽ 13-7-2018വരെ<br>& 26-7-2018 മുതൽ 13-3-2019 വരെ |
| | ശ്രീ.വിജിൽ.വി.മോഹൻ, അസി.സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്ജ്) | 14-7-2018 മുതൽ 25-7-2018 വരെ |
| | ശ്രീ.ജ്യോതി.എൽ.സി | 14-3-2019 മുതൽ 31-3-2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.വി.എസ്.ദിലീപ്കുമാർ | 1-4-2018 മുതൽ 31-3-2019 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി.നിസ | 1-4-2018 മുതൽ 31-3-2019 വരെ |
| വി.ഇ.ഒ - 2 | ശ്രീമതി.സിന്ധു.കെ | 1-4-2018 മുതൽ 31-3-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വിജയലക്ഷ്മി.കെ.കെ | 1-4-2018 മുതൽ 12-7-2018വരെ & 15-10-18 മുതൽ 31-3-2019 വരെ |
| | ശ്രീമതി.നിർമ്മല | 13-7-2018 മുതൽ 14-10-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ധന്യ.ടി.വി | 1-4-2018 മുതൽ 28-4-2018വരെ & 21-5-2018 മുതൽ 18-6-2018 വരെ |
| | ശ്രീ.സജീഷ്.എസ് | 29-4-2018 മുതൽ 20-5-2018 വരെ |
| | ശ്രീ.ഉണ്ണി.കെ.എസ് | 19-6-2018 മുതൽ 17-9-2018 വരെ |
| | ശ്രീമതി.ഷൈലജ.കെ.പി | 18-9-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ലീനാറാണി.എ | 1-4-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ടി.വി.സുവിജ | 1-4-2018 മുതൽ 17-8-2018 വരെ |
| | ഡോ.ഹേമ.എം | 18-7-2018 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ശ്രുതി.എം. ശിവൻ | 1-4-2018 മുതൽ 31-03-2019 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.എസ്.ശെൽവമുരുകൻ | 1-4-2018 മുതൽ 10-7-2018വരെ |

| | | |
|---|---|---|
| | ഡോ.ആർ.രവിചന്ദ്രൻ | 11-7-2018 മുതൽ 31-3-2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.വിജിൽ.വി.മോഹൻ | 1-4-2018 മുതൽ 31-03-2019 വരെ |

## ഉള്ളടക്കം

## ഭാഗം 1

## ഓഡിറ്റ് റിപ്പോർട്ട്

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-3 |
| 4 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ് | 1-9 |
| 10 | കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായത് അഭിനന്ദനാർഹം | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ് | 1-11 |
| 12 | രസീതികൾ കൈകാര്യം ചെയ്യുന്നത് നിയമാനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതാണ് | 1-12 |
| 13 | വസ്തുനികുതി-ഡാറ്റയുടെ കൃത്യത ഉറപ്പാക്കേണ്ടതും പിരിവ് കാര്യക്ഷമമാക്കേണ്ടതുമാണ് | 1-13 |
| 14 | തൊഴിൽ നികുതി ഡിമാന്റ്, പിരിവ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ് | 1-14 |
| 15 | വിനോദ നികുതിയിനത്തിലുള്ള വരവ് ഉറപ്പാക്കേണ്ടതാണ് | 1-15 |
| 16 | ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-16 |
| 17 | കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതും രേഖകളുടെ കൃത്യത ഉറപ്പാക്കേണ്ടതുമാണ് | 1-17 |
| 18 | തെരുവ് വിളക്കുകളുടെ പരിപാലനച്ചെലവ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-18 |
| 19 | പഞ്ചായത്തിന്റെ വാഹനത്തിനായി പരിപാലിച്ച് വരുന്ന രജിസ്റ്ററുകളും, റെക്കോഡുകളും കാലികമാക്കി സൂക്ഷിക്കേണ്ടതാണ് | 1-19 |

| | | |
|---|---|---|
| 20 | ജല വിതരണത്തിനായുള്ള ചെലവ് കുറവു ചെയ്യേണ്ടതാണ് | 1-20 |
| 21 | ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് | 1-21 |
| 22 | ഗ്രാമപഞ്ചായത്തിലെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ (ലൈഫ് )നടത്തിപ്പ് വിലയിരുത്തൽ | 1-22 |
| 23 | ലൈഫ് ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ് | 1-23 |
| 24 | ലൈഫ് മിഷൻ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച എസ്.സി.ഫണ്ട് ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ചു | 1-24 |
| 25 | സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ-മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-25 |
| 26 | ഹോമിയോ ആശുപത്രിയിൽ ആവശ്യകത വിലയിരുത്താതെ വാങ്ങിയ ഉപകരണങ്ങശ് നിഷ്ക്രിയാവസ്ഥയിൽ | 1-26 |
| 27 | ഹോമിയോ ആശുപത്രിക്ക് ആവശ്യമായമരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല-തുടർ നടപടികൾ ആവശ്യപ്പെടുന്നു | 1-27 |
| 28 | ബില്ലുകളിൽ നിന്നും ടി.ഡി.എസ്.ഈടാക്കിയിട്ടില്ല-നടപടികൾ ആവശ്യപ്പെടുന്നു | 1-28 |
| 29 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കേണ്ടതാണ് | 1-29 |
| 30 | മരാമത്ത് പ്രവൃത്തിയുടെ കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല | 1-30 |
| 31 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാന്വൽ പ്രകാരമുള്ള പിഴ ഈടാക്കിയില്ല | 1-31 |
| 32 | സൈറ്റ് കണ്ടീഷൻ വിലയിരുത്താതെ പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ് | 1-32 |
| 33 | ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ് | 1-33 |
| 34 | മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ. | 1-34 |
| 35 | ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-35 |

ഭാഗം-II

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഒന്നുമില്ല.

ഭാഗം-III

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ഒന്നുമില്ല.

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ | ഇനം | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |

<u>അനുബന്ധം</u>

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. പത്രികകൾ

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>.

# 1-1 ബജറ്റ്

19-3-2018 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. തൻവർഷത്തെ പ്രതീക്ഷിത വരവ് 444657700 രൂപയും ചെലവ് 4444263788 രൂപയും നീക്കിയിരിപ്പ് 11815465 രൂപയുമാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച | അപാകത പരിഹരിക്കാൻ തിരിച്ചയച്ച | അപാകത പരിഹരിച്ച് ലഭിച്ച |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തീയതി | തീയതി | തീയതി |
| 2018-19 | 31-7-2019 | 13-05-2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3767654 |
| വരവ് | 141529033 |
| ആകെ | 145296687 |
| ചെലവ് | 130712338 |
| നീക്കിയിരിപ്പ് | 14584349 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ (എ.സി.ആർ പ്രകാരം) | 0 | 27215000 | 27215000 | 27211601 | 3399 |
| വികസന ഫണ്ട് എസ്.സി.പി (എ.സി.ആർ പ്രകാരം) | 0 | 17784000 | 17784000 | 12656035 | 5127965 |
| വികസനഫണ്ട് ടി.എസ്.പി (എ.സി.ആർ പ്രകാരം) | 0 | 1446000 | 1446000 | 240000 | 1206000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് (എ.സി.ആർ പ്രകാരം) | 0 | 15415000 | 15415000 | 15329004 | 85996 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ പ്രകാരം) | 0 | 5440000 | 5440000 | 5056750 | 383250 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 11407000 | 11407000 | 10896176 | 510824 |
| എം.എൻ. ആർ.ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 581 | 562463 | 563044 | 562593 | 451 |
| എം.എൻ. ആർ.ഇ.ജി. എസ്- | 0 | 31742455 | 31742455 | 31742455 | 0 |

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ വേതനം | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് -ബ്ലോക്ക് പഞ്ചായത്ത് | 111070 | 3317339 | 3428409 | 3418891 | 9518 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ജില്ലാ പഞ്ചായത്ത് | 0 | 5568639 | 5568639 | 11137278 | 812833 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ഗ്രാമ പഞ്ചായത്ത് (നെല്ലിയാമ്പതി) | 0 | 1240000 | 1240000 | 800000 | 440000 |
| Joint Venture Acct.-ICDS | 1560849 | 1161972 | 2722821 | 1491539 | 1231282 * |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 11947190 | 11947190 | 9557173 | 2390017 |
| തനത് ഫണ്ട്-SBI | 4183096 | 45794133 | 49977229 | 41550701 | 8426528 |
| ഇ-പേയ്മെന്റ് അക്കൗണ്ട്-SBI | 72746 | 289228 | 361974 | 649 | 361325 |
| തനത്ഫണ്ട് (പി.ഡി.സി ബാങ്ക്) | 780328 | 258494 | 1038822 | 472554 | 566268 |
| ബി ഫണ്ട് | 0 | 2549460 | 2549460 | 2549460 | 0 |

(*) 102106 രൂപ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ, 1129276/- രൂപ ബാങ്ക് അക്കൗണ്ടിൽ.

കുറിപ്പ് :- ജോയിന്റ് വെഞ്ചർ അക്കൗണ്ട് 2017-18-ലെ ബി4 പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ യഥാർത്ഥ കണക്കുമായി പൊരുത്തപ്പെടാത്തതിനാൽ തൻവർഷത്തെ കണക്കുകളും, രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയ തുകകളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

# 1-5 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | യത് (എണ്ണം) | (എ ണ്ണം) | ശമാ നം |
|---|---|---|---|---|---|---|
| 237 | 202968945 | 172 | 105844574 | - | 65 | 72.5 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളു ടെ എണ്ണം | നടപ്പാ ക്കി യത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെല വ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 2 | 17562450 | 13364176 | 76 |
| വി.ഇ.ഒ -1 | 7 | 6 | 69763700 | 32475000 | 47 |
| വി.ഇ.ഒ -2 | 5 | 4 | 15086666 | 3855000 | 26 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 8261499 | 5596889 | 68 |
| സെക്രട്ടറി | 28 | 21 | 17150197 | 13469682 | 79 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 164 | 111 | 60642661 | 31241634 | 52 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 8 | 819272 | 559981 | 68 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 1100000 | 1096000 | 100 (99.6) |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 4 | 4 | 400000 | 396520 | 99 |
| വെറ്ററിനറി സർജ്ജൻ | 3 | 2 | 3152000 | 322000 | 10 |
| അസി. സെക്രട്ടറി | 6 | 5 | 9030500 | 3467692 | 38 |
| ആകെ | 237 | 172 | 202968945 | 105844574 | 52 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 72% എണ്ണം തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 52% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വി.ഇ.ഒ-1, വി.ഇ.ഒ-2, വെറ്ററിനറി സർജ്ജൻ, അസി.സെക്രട്ടറി എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വകയിരുത്തിയ തുകയുടെ 50% ൽ താഴെ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും പരമാവധി തുക അതാത് സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ വിവിധ ഘട്ടങ്ങളിൽ പദ്ധതി നടത്തിപ്പ് മോണിറ്റർ ചെയ്യുവാനും അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-6 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 94440 | 63 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 10163200 | 793 |
| 3 | വിധവാ പെൻഷൻ | 18123100 | 1492 |
| 4 | വാർദ്ധക്യകാല പെൻഷൻ | 23450000 | 1983 |
| 5 | വികലാംഗ പെൻഷൻ | 3759900 | 314 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1475100 | 116 |

# 1-7 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-10-2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 25126/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 10-10-2019 | 9/2019 | ലഭ്യമായിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-8-2006 മുതൽ 2-9-2006 വരെ | 1997-08 മുതൽ 2005-06 വരെ | 29-5-2011 |

# 1-9 ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 19-3-2018 ലെ തീരുമാനം 1 അനുസരിച്ച് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

<u>പദ്ധതി നിർദ്ദേശങ്ങൾ</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുമ്പും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. കൊല്ലങ്കോട് പഞ്ചായത്തിന്റെ വാർഷിക വികസന പദ്ധതി പ്രകാരമുള്ള തുകകൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>പദ്ധതിയേതര നിർദ്ദേശങ്ങൾ</u>

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബഡ്ജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചുചേർക്കേണ്ടതും പദ്ധതിയേതര നിർദ്ദേശങ്ങൾ ആവശ്യപ്പെടേണ്ടതും | ഡിസംബർ 15-ന് മുൻപ് |
| ഘടകസ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത് | ജനുവരി 15-ന് മുൻപ് |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനുവരി 22-ന് മുൻപ് |

| | |
|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് |
| കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചുചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് |

2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

സ്ഥാപന തലവന്മാർ പദ്ധതിയേതര നിർദ്ദേശങ്ങൾ ജനവരി 15ന് മുമ്പായി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോപ്പോസലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പലതിലും തിയതി രേഖപ്പെടുത്തിയിട്ടില്ല. വി.ഇ.ഒ, അസി. എഞ്ചിനിയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫെബ്രുവരി 1 ന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ സമയപരിധി പാലിച്ചിട്ടില്ല. 9-2-18, 14-2-18 തിയതികളിലാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളത്. ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്തതിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 08.02.2018ന് തയ്യാറാക്കിയ കരട് ബജറ്റ് 19.03.2018 -ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

<u>ബജറ്റ് പരിശോധനയുടെ വിവരം</u>

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും തൻവർഷം ഉയർന്നു വന്നതായി കാണുന്നില്ല.

നിർമ്മാണം പൂർത്തീകരിച്ച കോൺഫറൻസ് ഹാളിൽ നിന്നും തൻവർഷം വരുമാനം ഉറപ്പാക്കിയിട്ടില്ല. വാടക കുടിശ്ശിക ഈടാക്കുന്നതിനായി ക്രിയാത്മക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വസ്തു നികുതി ഇനത്തിൽ ആകെ 8.92 ലക്ഷം രൂപ പിരിച്ചെടുക്കുവാനുണ്ട്.

എല്ലാ ഇനങ്ങളിൽ നിന്നുമുള്ള വരവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതും ബജറ്റിന്റെ ഭാഗമാക്കേണ്ടതുമാണ്. ഓരോ വർഷവും ബജറ്റിൽ പ്രതീക്ഷിക്കുന്ന വരവ് പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

<u>ബജറ്റ് അംഗീകരിച്ചതിന്റെ വിവരം</u>

പ്ലാൻ വിഹിതവും നോൺ പ്ലാൻ എസ്റ്റിമേറ്റും ഉൾപ്പെടുത്തി കരട് ബജറ്റ് 8-2-2018 ന് അവതരിപ്പിച്ചിട്ടുണ്ട്. 19-3-2018 ന് ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 15452894.45 |
| തൻവർഷം വരവ് | 479136644.5 |
| | [illegible] |

| | |
|---|---|
| ആകെ | 494589538.95 |
| ചെലവ് | 459426382 |
| നീക്കിയിരിപ്പ് | 19710262.45 |

<u>ബജറ്റ് നിയന്ത്രണം</u>

ബജറ്റ് നിയന്ത്രണത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവരുടെ ചുമതല വളരെ പ്രധാനപ്പെട്ടതാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക അച്ചടക്കത്തിന്റെ ആണിക്കല്ലായ ബജറ്റിൽ എല്ലാ വരവ്-ചെലവിനങ്ങളും ഉൾപ്പെട്ടുവെന്നും ലഭ്യമാകുവാനുള്ള എല്ലാ തുകകളും ലഭ്യമായെന്നും ഉറപ്പാക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. അലോട്ട്മെന്റുകൾ നൽകുമ്പോൾ ആയത് ബജറ്റിന് അനുസൃതമാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.24/29-10-2019) മേൽ സൂചിപ്പിച്ച നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പ്ലാൻ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. പ്രതീക്ഷിക്കുന്ന എല്ലാ ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
4. ബജറ്റ് നിയന്ത്രണത്തിനായി ഭരണ തലത്തിലും ഉദ്യോഗസ്ഥതലത്തിലും ഉള്ള സഹകരണം കാര്യക്ഷമമാക്കേണ്ടതാണ്.
5. പുതുക്കിയ ബജറ്റ് കൃത്യമായി പാസാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
6. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-10 കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായത് അഭിനന്ദനാർഹം

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന് ISO 9001:2015 സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. 3-9-2019 മുതൽ 2-9-2022 വരെ മൂന്ന് വർഷക്കാലയളവിലേക്കാണ് സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ളത്.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കി ഭരണ സംവിധാനത്തിന്റെ ഗുണമേന്മയുടെ മുഖമുദ്രയായ ISO 9001:2015 കരസ്ഥമാക്കിയത് അഭിനന്ദനാർഹമാണ്. തുടർ സേവനങ്ങൾ സമയബന്ധിതമായി നൽകുന്നുണ്ടെന്നും ഓഫീസ് സംവിധാനവും, ഭരണസംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്വങ്ങളിൽ അധിഷ്ഠിതമാക്കി നിലനിർത്തുന്നുണ്ടെന്നും ഉറപ്പാക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-11 ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

സ്ഥാപനത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നുണ്ട്.

പൗരാവകാശ രേഖ 2019-20 ൽ പുതുക്കിയിട്ടുണ്ട്.

ബജറ്റ് മാന്വലിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കുറേ കൂടി കാര്യക്ഷമതയോടു കൂടി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കോൺഫറൻസ് ഹാളിൽ നിന്നുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ്.

രശീതി മുഖേനയുള്ള വരവ് അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം കൃത്യമായി അക്കൗണ്ടുകളിൽ അടവാക്കുന്നുണ്ട്. സംയുക്ത പ്രൊജക്റ്റിനായി ലഭ്യമായ തുക പ്രസ്തുത സാമ്പത്തിക വർഷത്തിൽ തന്നെ സമയബന്ധിതമായി വിനിയോഗിച്ച് നീക്കിയിരിപ്പ് തിരികെ അടവാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. സംയുക്ത അക്കൗണ്ടിലെ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കിയിട്ടില്ല.

വസ്തു നികുതിയുടെ രജിസ്റ്ററുകൾ പ്രകാരം DCB കണക്കുകൾ സാംഖ്യയിലേയും, സഞ്ചയിലേയുമുള്ള കണക്കുകളുമായി പൊരുത്തപ്പെടാത്ത പ്രശ്നം പരിഹരിക്കപ്പെട്ടിട്ടില്ല. വസ്തു നികുതി കുടിശ്ശിക തൻവർഷം തന്നെ മുഴുവനായി പിരിച്ചെടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വരുമാന വർദ്ധനവിനായി കാര്യക്ഷമമായ ചർച്ച ഉണ്ടാകേണ്ടതാണ്.

കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള സങ്കേതം സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക അപാകതകൾ ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

# 1-12 രസീതികൾ കൈകാര്യം ചെയ്യുന്നത് നിയമാനുസൃതമാണെന്ന് ഉറപ്പാക്കേണ്ടതാണ്

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 19-07-2018 മുതൽ

21-10-2019 വരെയുള്ള കാലയളവിലെ രസീതികൾ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. മാനുവൽ രസീതികൾ

ആകെ 22 മാനുവൽ രസീതികൾ ഉപയോഗിച്ചിട്ടുണ്ട്. മാനുവൽ രശീതികൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ. സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല

55733, 31873, 31878, 31872, 31871 എന്നീ മാനുവൽ രശീതി ബുക്കുകളിൽ കെ.ടി.സി വാല്യം I ആർട്ടിക്കിൾ 92 ബി, കുറിപ്പ് 2 പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

ബി. രസീതികളുടെ അസ്സൽ സൂക്ഷിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം രസീതിയുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും പണം ഒടുക്കിയ ആൾക്ക് ഡ്യൂപ്ലിക്കേറ്റ് നൽകേണ്ടതുമാണ്. ടെണ്ടർ ഫോറങ്ങളുടെ വില വരവ് വെയ്ക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ ഉപയോഗിച്ച 31863 എന്ന രസീതി ബുക്കിലെ അസ്സൽ രസീതികൾ വ്യക്തികൾക്ക് നൽകുകയും ഡ്യൂപ്ലിക്കേറ്റ് ഓഫീസിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.
രസീതികൾ നിയമാനുസൃതം കൈകാര്യം ചെയ്യുന്നുണ്ടെന്ന് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

2. സാംഖ്യ രസീതികൾ

1. ക്യാൻസലേഷൻ നടപടികൾ കൃത്യമാണെന്ന ഉറപ്പാക്കേണ്ടതാണ്

സാംഖ്യ സോഫ്റ്റ്‌വെയറിൽ ക്യാൻസൽ ചെയ്തിട്ടുള്ള താഴെ പറയുന്ന രശീതികളിൽ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| ക്രമ നം. | രശീതി നം. | തിയ്യതി | തുക |
|---|---|---|---|
| 1 | 118010102692 | 24.07.2018 | 1477 |
| 2 | 118010105551 | 27.12.2018 | 1642 |
| 3 | 118010106219 | 01.02.2019 | 914 |
| 4 | 118010107118 | 06.03.2019 | 3125 |
| 5 | 119010102734 | 19.08.2019 | 236 |
| 6 | 119010102898 | 29.08.2019 | 12000 |

രസീതി പ്രിന്റ് ആയതിന് ശേഷം എന്തെങ്കിലും പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ക്യാൻസൽ ചെയ്യുന്നതിന് സെക്രട്ടറിയുടെ അനുമതിക്കായി അപേക്ഷിക്കേണ്ടതും അനുമതി ലഭ്യമായതിന് ശേഷം മാത്രം രസീതി ക്യാൻസൽ ചെയ്യേണ്ടതുമാണ്. മേൽ സൂചിപ്പിച്ച രശീതികളിൽ ഒന്നും തന്നെ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താത്ത സാഹചര്യത്തിൽ സെക്രട്ടറിയുടെ അനുമതി ഇല്ലാതെ രശീതികൾ ക്യാൻസൽ ചെയ്യുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

2) രശീതികൾ അനാവശ്യമായി ക്യാൻസൽ ചെയ്യുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്

10-10-2018 തിയതിയിലെ 118010103852 എന്ന രസീതി പ്രിന്റർഫാൾട്ട് മൂലം ക്യാൻസൽ ചെയ്തിട്ടുണ്ട്. രസീതി പ്രിന്റ് എടുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും കമ്പ്യൂട്ടറിൽ സേവ് ആയതിനാൽ ടി രസീതി പ്രകാരം ഡേ ബുക്കിൽ 2340/- രൂപ (3/1042 നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി) വരവ് വന്നിട്ടുണ്ട്. ഇത് ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ടിൽ പ്രിന്റർഫാൾട്ട് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രസീതികളുടെ കൗണ്ടർ ഫോയിൽ പരിശോധിച്ചതിൽ ഇതേ തിയതിയിലെ 118010103853 നമ്പർ പ്രകാരമാണ് ടി വരവ് വന്നിട്ടുള്ളതും, ടി രസീതിയാണ് വ്യക്തിക്ക് നൽകിയിട്ടുള്ളതും. ഈ നമ്പർ രസീതിയും ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ നമ്പർ ഡേ ബുക്കിൽ ഉൾപ്പെട്ടിട്ടില്ല. അന്നേ ദിവസത്തെ കളക്ഷനിൽ ഈ തുക ഉൾപ്പെട്ടിട്ടുണ്ട്.

ഒരേ തുകയുടെ രസീതികളുടെ നമ്പർ തന്നെ ഡേ ബുക്ക് പ്രകാരവും കൗണ്ടർ ഫോയിൽ പ്രകാരവും വ്യത്യസ്തമായാണ് കാണുന്നത്. ഈ രണ്ട് രസീതി നമ്പറുകളും ക്യാൻസൽഡ് റസീപ്റ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുമുണ്ട്.
ഈ വിഷയം സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.3/23-10-2019) സോഫ്റ്റ് വെയർ തകരാറിലായതു മൂലം യഥാർത്ഥ രശീതി ക്യാൻസൽ ചെയ്യുന്നതിന് പകരം തെറ്റായ രശീതി ക്യാൻസൽ ആയതാണെന്നും ആയത് ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാവുന്നള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ വിഷയങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-13 വസ്തുനികുതി-ഡാറ്റയുടെ കൃത്യത ഉറപ്പാക്കേണ്ടതും പിരിവ് കാര്യക്ഷമമാക്കേണ്ടതുമാണ്

എ) സഞ്ചയയിലേയും സാംഖ്യയിലേയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ 2018-19 സാമ്പത്തിക വർഷത്തെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായിൽ പൊരുത്തക്കേടുകൾ ഉള്ളതായി ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | അരിയർ | കറണ്ട് | അരിയർ | കറണ്ട് | അരിയർ | കറണ്ട് |
| റസിഡൻഷ്യൽ | 547299 | 1392521 | 424298 | 1253553 | 57408 | 132270 |
| നോൺ-റസിഡൻഷ്യൽ | 1294318 | 2508291 | 924376 | 2285326 | 490940 | 211984 |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകൾ

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | അരിയർ | കറണ്ട് | അരിയർ | കറണ്ട് | അരിയർ | കറണ്ട് |
| റസിഡൻഷ്യൽ | 468741 | 1464743 | 446116 | 1317874 | 57408 | 132270 |
| നോൺ-റസിഡൻഷ്യൽ | 1428443 | 2634741 | 970781 | 2400256 | 490940 | 211984 |

വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

ബി. വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക പ്രകാരം 892602/- രൂപ വസ്തു നികുതിയിനത്തിൽ കുടിശ്ശിക നിലനിൽക്കുന്നുണ്ട്. ആയത് പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സി) ഡാറ്റ പ്യൂരിഫിക്കേഷൻ - വിവരങ്ങൾ ലഭ്യമാക്കിയില്ല

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 11529 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പാർപ്പിടം | 9086 |
| അസംബ്ലി കെട്ടിടം/ കൺവെൻഷൻ സെന്റർ | 106 |
| ആരാധനാലയങ്ങൾ | 141 |
| ആശുപത്രികൾ | 35 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 37 |
| ഓഫീസ് ആവശ്യം | 63 |
| കാർഷികാവശ്യം | 9 |
| നികുതി / ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടം | 272 |
| മൈക്രോ, സ്മാൾ & മീഡിയം എന്റർപ്രൈസസ് ലിമിറ്റഡ് | 28 |
| മൊബൈൽ ടവർ | 17 |
| റിസോർട്ട് | 30 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 1595 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 39 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൌണുകൾ | 2 |
| വാണിജ്യ ആവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ് ഷോപ്പിംഗ് മാളുകൾ | 1 |
| [illegible] | [illegible] |

| | |
|---|---|
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 2 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 39 |
| സ്വകാര്യ ഹോസ്റ്റൽ/ ഹോംസ്റ്റേ | 19 |
| വിദ്യാഭ്യാസാവശ്യം | 8 |
| ആകെ | 11529 |

എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതി ഡാറ്റാ പ്യൂരിഫിക്കേഷൻ 31-03-2019 ന് മുമ്പ് തന്നെ പൂർത്തീകരിച്ച് ഡാറ്റ കൃത്യമാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു. ഏതൊക്കെ ഡാറ്റയിൽ എന്തൊക്കെ മാറ്റമാണ് വരുത്തിയിട്ടുള്ളതെന്ന് കാണിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

ഡി) വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്. ഇക്കാര്യത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
വസ്തു നികുതി ഈടാക്കുന്നതിലെ പോരായ്മകൾ ഓഡിറ്റ് വേളയിൽതന്നെ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയും 30-10-2019 ലെ എക്സിറ്റ് മീറ്റിംഗിൽ അധികാരികളുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പോരായ്മകൾ പരിഹരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 1-14 തൊഴിൽ നികുതി ഡിമാന്റ്, പിരിവ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ്, വരവ് രേഖകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1)(ii) പ്രകാരം ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് പഞ്ചായത്ത് പ്രദേശത്തോ, അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ, പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ആളും ആകെ കൂടി 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് മുതൽ മുടക്കുകളിൽ നിന്നും ആദായം ലഭിക്കുന്ന ആളും ചട്ടങ്ങൾക്ക് വിധേയമായി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളതെന്ന് ഡിമാന്റ് രജിസ്റ്ററിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടു.

| ക്ര. നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കിയ അർദ്ധവർഷം / ഈടാക്കിയ തുക | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|---|
| 1 | M.G.N.R.E.G.S, കൊല്ലങ്കോട് ബ്ലോക്ക് | 2 | ഒന്നാം അർദ്ധ വർഷം 2250/- | രണ്ടാം അർദ്ധ വർഷം |
| 2 | B.S.N.L, തിരുവനന്തപുരം | 14 | ഒന്നാം അർദ്ധ വർഷം 17500/- | രണ്ടാം അർദ്ധ വർഷം |
| 3 | സബ് ട്രഷറി ഓഫീസർ, കൊല്ലങ്കോട് | 1 | ഒന്നാം അർദ്ധവർഷം 1250/- | രണ്ടാം അർദ്ധ വർഷം |

ബി) കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 18 കോൺട്രാക്ടർമാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ആകെ 7 കോൺട്രാക്ടർമാരിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രം ഈടാക്കിയതായി കണ്ടെത്തി. 4 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നികുതി ഈടാക്കിയ അർദ്ധവർഷം / ഈടാക്കിയ തുക | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|
| 1 | ശശി.A.K | രണ്ട് – 1250 | ഒന്ന് |
| 2 | P.N.അർജ്ജുനൻ | രണ്ട് – 1250 | ഒന്ന് |
| 3 | പൊന്നൻ.K | രണ്ട് – 1250 | ഒന്ന് |
| 4 | R.ഹരിദാസ് | രണ്ട് – 1250 | ഒന്ന് |
| 5 | ഭാസ്കരൻ.C | രണ്ട് – 1250 | ഒന്ന് |
| 6 | J.സുരേഷ് | രണ്ട് – 1250 | ഒന്ന് |
| 7 | K.V.മോഹൻദാസ് | രണ്ട് – 1250 | ഒന്ന് |
| 8 | അബ്ദുൾഖാദർ | | ഒന്നും രണ്ടും |
| 9 | K.ഹരിദാസ് | | ഒന്നും രണ്ടും |
| 10 | ഇബ്രാഹിംകുട്ടി | | ഒന്നും രണ്ടും |
| 11 | മുഹമ്മദ് മൊയ്തീൻ | | ഒന്നും രണ്ടും |
| 12 | പ്രസാദ്.K.V | | ഒന്നും രണ്ടും |
| 13 | ഷാജുബാലൻ | | ഒന്നും രണ്ടും |
| 14 | ശിവൻ.ടി | | ഒന്നും രണ്ടും |
| 15 | സുരേഷ്.ടി | | ഒന്നും രണ്ടും |
| 16 | ഉദയൻ കെ. നായർ | | ഒന്നും രണ്ടും |
| 17 | പ്രമോദ് കുമാർ.ജി | | ഒന്നും രണ്ടും |
| 18 | കെ.വി. രാമചന്ദ്രൻ | | ഒന്നും രണ്ടും |

സി) സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1)(i) പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയും ചട്ടങ്ങൾക്ക് വിധേയമായി തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ കണ്ടെത്തി.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലിമിറ്റഡ്, കൊല്ലങ്കോട് | ഒന്നും രണ്ടും |
| കെ. എസ്. ഇ. ബി സബ്സ്റ്റേഷൻ 110KV | ഒന്നും രണ്ടും |
| ബി. എസ്. എൻ. എൽ | ഒന്നും രണ്ടും |
| കെ. എസ്. ഇ. ബി, എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഇലക്ട്രിക്കൽ ഡിവിഷൻ | ഒന്നും രണ്ടും |
| കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, കൊല്ലങ്കോട് | ഒന്നും രണ്ടും |
| മാക്സ് വാല്യൂ ക്രഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ്സ് ലിമിറ്റഡ് | രണ്ട് |
| SBI, കൊല്ലങ്കോട് | രണ്ട് |
| ചിറ്റൂർ ഗവ. സർവന്റ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, കൊല്ലങ്കോട് | രണ്ട് |

ഡി) റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
മേൽ വിവരങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.22/28-10-2019) ബന്ധപ്പെട്ട വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി ഒടുക്കുന്നതിലേക്കായി കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ഓരോ വാർഡിലും പ്രവർത്തിച്ച വരുന്ന എല്ലാ സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും കൃത്യമായ കണക്ക് ചട്ടപ്രകാരം ലഭ്യമാക്കി സൂക്ഷിക്കുന്നുണ്ടെന്നും ഓരോ അർദ്ധവർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.
2. പുതിയ സ്ഥാപനങ്ങൾ നിലവിൽ വരുമ്പോൾ ആയത് നിലവിലുള്ള സ്ഥാപനങ്ങളുടെ പട്ടികയോടൊപ്പം ചേർക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്.
3. സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഒക്യുപൻസി നൽകൽ, കെട്ടിട നമ്പർ നൽകൽ, ലൈസൻസ് നൽകൽ എന്നീ നടപടിക്രമങ്ങൾ നിരീക്ഷിച്ച് സ്ഥാപനം പ്രവർത്തനം ആരിഭിച്ചുവെന്ന് ഉറപ്പാക്കി പ്രസക്തമായ അർദ്ധ വർഷത്തിൽ സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. മേൽ ഖണ്ഡികകളിൽ സുചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 വിനോദ നികുതിയിനത്തിലുള്ള വരവ്

# ഉറപ്പാക്കേണ്ടതാണ്

ജി.എസ്.ടി നിലവിൽ വന്ന സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദ നികുതി ഈടാക്കേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. സ.ഉ(കൈ)നം.112/2019/തസ്വഭവ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദ നികുതിയും 100 രൂപയിൽ കൂടുതലുള്ള സിനിമാ ടിക്കറ്റുകൾക്ക് 8.5% വിനോദ നികുതിയും 1-9-2019 മുതൽ ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇ-ടിക്കറ്റിംഗ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓഡിറ്റ് തിയതി വരെയുള്ള രസീതികൾ പരിശോധിച്ചതിൽ വിനോദ നികുതി ഇനത്തിൽ യാതൊരു തുകയും ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മൂന്ന് സിനിമാ തിയറ്ററുകൾ നിലവിലുണ്ട്. ഈ തിയറ്ററുകളിൽ നിന്നുമുള്ള വിനോദ നികുതി ഉറപ്പാക്കിയാൽ ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ ഉണ്ടായ കുറവ് നികത്തപ്പെടുന്നതാണെന്ന് വിലയിരുത്തുന്നു.

<u>ഓഡിറ്റ് നിർദ്ദേശം</u>

സർക്കാർ ഉത്തരവനുസരിച്ച് 1-9-2019 മുതൽ കുടിശ്ശികയായ വിനോദ നികുതി ഈടാക്കേണ്ടതും എല്ലാ മാസവും മൂന്നാം തിയതിക്ക മുമ്പ് വിനോദ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. തുക ഒടുക്കാത്തപക്ഷം നോട്ടീസ് നൽകി തുക ഈടാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 , 254 എന്നീ വകുപ്പുകൾ കൂട്ടി വായിച്ചതു പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 1996-ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ രൂപീകരിക്കപ്പെട്ടു. 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് (The Kerala Investment Promotion and Facilitation (No.2) Act, 2018) നിലവിൽ വന്നതിനെ തുടർന്ന് പഞ്ചായത്ത് രാജ് ആക്ടിലെ 232, 233 വകുപ്പുകളിൽ ഭേദഗതി വരുത്തിയതിനെ തുടർന്ന് 1996 ലെ കേരളാ പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര്

1996ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ എന്ന് മാറ്റുകയും ചെയ്തു. ഭേദഗതി ചട്ടങ്ങൾക്ക് 31-10-2017 മുതൽ പ്രാബല്യമുണ്ട്.

ഭേദഗതിക്ക് മുമ്പ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ഫീസാണ് ചട്ടങ്ങളിലെ പട്ടിക-2 ൽ ഉൾപ്പെടുത്തിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ സ്ഥാപനങ്ങളെ വേർതിരിച്ച് ഉൽപാദന മേഖലയിലേയും സേവന മേഖലയിലേയും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് ഉൾപ്പെടുത്തി പട്ടിക-2 പരിഷ്കരിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതികൾ പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിക്കുന്നതിൽ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും രേഖകളുടെ സൂക്ഷിപ്പ് കൃത്യമാണോ എന്നും ഉറപ്പാക്കുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് രേഖകൾ പരിശോധിക്കുകയും ചെയ്തു.
2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>1) ലൈസൻസിനുള്ള അപേക്ഷാ ഫോറം</u>

അപേക്ഷാ ഫോറം 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസിനുള്ള അപേക്ഷ' എന്ന് ചേർത്ത് പുതുക്കിയിട്ടുണ്ട്. പട്ടിക 2 പ്രകാരം ഉൽപാദന മേഖലയിലെ വ്യാപാരങ്ങൾക്കും സേവന മേഖലയിലെ വ്യാപാരങ്ങൾക്കും മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നതിനുള്ള കോളം വ്യത്യസ്തമാണെന്നിരിക്കെ അപേക്ഷയിൽ ഉൽപ്പാദന മേഖല, സേവന മേഖല എന്നിങ്ങനെ വേർതിരിച്ച് മൂലധനനിക്ഷേപം രേഖപ്പെടുത്തുന്നതിനുള്ള കോളം ഉൾപ്പെടുത്തിയിട്ടില്ല.
മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്താതെ തന്നെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ലൈസൻസ് നം | കെട്ടിടം നം./ വാർഡ് നം. | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം | ഈടാക്കിയ ഫീസ് |
|---|---|---|---|---|
| 1/18-19 | 358/3 | ബാബുരാജ്, ചോറക്കോട്, പെരുവെമ്പ് | സിനി ടൈംസ് (വാച്ച് റിപ്പയർ) | 500 |
| 5/18-19 | 503/5 | രാജൻ, താടനാറ, കൊല്ലങ്കോട് | പലചരക്ക് കട | 100 |
| 37/18-19 | 143/11 | പി.മോഹനൻ, S.V സ്ട്രീറ്റ്, കൊല്ലങ്കോട് | ഇന്റർനെറ്റ് കഫേ | 100 |
| 65/18-19 | 318/2 | ശശി.കെ, സ്രാമ്പിച്ചള്ള, മുതലമട | I.T വിഷൻ (കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങളുടെ വിൽപ്പനയും സർവീസും) | 200 |

ഓരോ വിഭാഗത്തിലും ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന പരവാവധി നിരക്കാണ് രണ്ടാം പട്ടികയിൽ സൂചിപ്പിട്ടുള്ളത്. മൂലധന നിക്ഷേപം രേഖപ്പെടുത്താതെ മേൽ സൂചിപ്പിച്ച പ്രകാരം ഫീസ് ഈടാക്കിയിന്റെ മാനദണ്ഡം വിശദീകരിച്ചിട്ടില്ല.

3) ട്രേഡ്സ് ലിസ്റ്റ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്. പുതിയ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനായി ഓരോ വർഷവും ഫീൽഡ് പരിശോധന നടത്തി ലിസ്റ്റ് കാലികമാക്കേണ്ടതാണ്. പുതിയ സ്ഥാപനങ്ങൾക്ക് നമ്പർ നൽകിയതിനുശേഷം സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നത് ലൈസൻസോടുകൂടിയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

4) റേഷൻ കടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

2018-19 വർഷത്തെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾക്ക് ലൈസൻസ് എടുത്തിട്ടില്ലെന്ന് ബോധ്യപ്പെട്ടു. 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽമേൽ ബില്ലുകളിൽ നിന്നും ജി.എസ്.ടി ഈടാക്കാതിരുന്ന സാഹചര്യത്തിൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധയിൽ ആകെ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | എ. ആർ. ഡി നമ്പർ | പേര്, സ്ഥലം |
|---|---|---|
| 1 | 1947013 | പ്രിയദർശൻ, ഇടച്ചിറ |
| 2 | 1947050 | ലക്ഷ്മീദേവ്, കുതിരമൂളി |
| 3 | 1947054 | ഷെറീഫ്, ആനമാമേൽ ബില്ലുകളിൽ നിന്നും ജി.എസ്.ടി ഈടാക്കാതിരുന്ന സാഹചര്യത്തിൽ |
| 4 | 1947051 | പി.എം. കാസിം, പയ്യല്ലൂർ, കാവളക്കോട് |
| 5 | 1947052 | രാധാകൃഷ്ണൻ, യോഗിനിമാത സ്കൂളിനു സമീപം |
| 6 | 1947053 | ഗോവിന്ദൻകുട്ടി, എം. എ ഓഡിറ്റോറിയത്തിന് സമീപം |
| 7 | 1947055 | നാഗരാജൻ, നെന്മേനി |
| 8 | 1947056 | ഉണ്ണികൃഷ്ണൻ, ചിക്കണാംപാറ |
| 9 | 1947057 | സീതാ ലക്ഷ്മി, മുതലിയാർകുളം |
| 10 | 1947112 | ദേവദാസ്, ഗായത്രി തിയേറ്റർ |
| 11 | 1947113 | ഗണേശൻ, ചിക്കണാംപാറ |
| 12 | 1947129 | അബ്ദുൾ ഖാദർ, ചീരണി |

റേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.11/26-10-2019) അപേക്ഷകൾ സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതാണെന്നും ലൈസൻസ് എടുക്കുന്നതിന് റേഷൻ കടകൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. അപേക്ഷാ ഫോറത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.
2. ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷയിലെ വിവരങ്ങൾ പൂർണ്ണമാണെന്നും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട എല്ലാ അനുബന്ധ രേഖകളും സമർപ്പിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.
3. മൂലധന നിക്ഷേപത്തിന്റെ കൃത്യത ഉറപ്പാക്കി ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
4. ഓരോ വർഷം പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
5. റേഷൻ കടകളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈസൻസ് അനുവദിക്കുന്നതിനുള്ള സംവിധാനം ഫലപ്രദമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടേയും മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച തുടർനടപടികളുടേയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതും രേഖകളുടെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്

1) ഫ്ലോർ ഏരിയയ്ക്കു പകരം പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കണക്കാക്കുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) ലെ ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത്. 2018-19 സാമ്പത്തിക വർഷത്തിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ള അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയ അടിസ്ഥാനമാക്കി ഫീസ് നിശ്ചയിക്കുന്നതിനു പകരം നിർദ്ദിഷ്ട കെട്ടിടത്തിന്റെ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള ആകെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണ് ഫീസ്

കണക്കാക്കിയിട്ടുള്ളത്.

2) കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പെർമിറ്റിനുള്ള അപേക്ഷ/അധിക വിവരങ്ങൾ ലഭിച്ച തിയതി മുതൽ 15 ദിവസത്തിനുള്ളിൽ രേഖാമൂലമുള്ള ഉത്തരവ് വഴി സെക്രട്ടറി പെർമിറ്റ് നൽകേണ്ടതാണ്. അപ്രകാരം പെർമിറ്റ് നൽകുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയാൽ ചട്ടം 16 പ്രകാരം അപേക്ഷകന് പഞ്ചായത്തിന് അപേക്ഷ സമർപ്പിക്കാവുന്നതും 15 ദിവസത്തിനകം പഞ്ചായത്ത് തീർപ്പ് കൽപ്പിച്ചില്ലെങ്കിൽ അപേക്ഷകന് പെർമിറ്റ് ലഭിച്ചതായി കണക്കാക്കി ചട്ടങ്ങൾക്ക് വിധേയമായി നിർമ്മാണം തുടങ്ങാവുന്നതുമാണ്. 2018-19 വർഷത്തിലെ പെർമിറ്റ് അപേക്ഷകളുടെ പരിശോധനയിൽ പല കെട്ടിടങ്ങൾക്കും പെർമിറ്റ് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെർമിറ്റ് നം. | അപേക്ഷകൻ | അപേക്ഷ തിയ്യതി | പെർമിറ്റ് തിയ്യതി |
|---|---|---|---|---|
| 1 | 336/18-19 | അനുരാഗ്, പടിഞ്ഞാറേതറ | 09-03-2018 | 25-05-2018 |
| 2 | 2/18-19 | സുരേഷ്&സുമ, ഓൾഡ്ബസാർ, കൊല്ലങ്കോട് | 03-04-2018 | 11-05-2018 |
| 3 | 92/18-19 | കൃഷ്ണൻകുട്ടി, പൈലൂർ, കൊല്ലങ്കോട് | 30-04-2018 | 26-06-2008 |
| 4 | 131/18-19 | പാറു, വിലങ്ങംപാടം | 14-05-2018 | 24-09-2018 |
| 5 | 152/18-19 | സുഗുണൻ, കൊല്ലങ്കോട് | 13-03-2018 | 27-06-2018 |

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3) ക്രമവൽക്കരണം - ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

B.S.S എഡ്യൂക്കേഷണൽ സൊസൈറ്റി, യോഗിനിമാത ഹൈസ്കൂൾ, കൊല്ലങ്കോട് എന്ന സ്ഥാപനത്തിന് 84/17-18, തി. 23-09-2017 പ്രകാരം 939.14$m^2$ വിസ്തീർണ്ണമുള്ള കെട്ടിടം പണിയുന്നതിന് പെർമിറ്റ് നൽകിയിട്ടുണ്ട്. 29-06-2018 തിയതിയിൽ ഉടമസ്ഥൻ കംപ്ലീഷൻ സർട്ടിഫിക്കറ്റിനോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം 1432.05 $m^2$ വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിച്ചിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ അധികമായി നിർമ്മിച്ച 492.91$m^2$ ഭാഗത്തിന് ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് (6902/-രൂപ -118010103020/14-08-2018 രസീതി പ്രകാരം) ഈടാക്കി, 826/2 എന്ന കെട്ടിട നമ്പർ നൽകിയിട്ടുണ്ട്.

നിർമ്മാണത്തിന്റെ ആകെ വിസ്തീർണ്ണം 1432.05$m^2$ ആയതിനാൽ, A1 ഒക്യുപൻസി വിഭാഗത്തിൽപ്പെടുന്ന കെട്ടിടത്തിന്റെ വിസ്തീർണ്ണം 1000$m^2$ കൂടുതൽ ഉണ്ടെങ്കിൽ നിർമ്മാണ പെർമിറ്റ് നൽകും മുമ്പ് അഗ്നിശമന സേന ഡയറക്ടറിൽ നിന്ന് അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്ന് ഒരു അനുമതി സാക്ഷ്യപത്രം(FIRE N.O.C) നേടിയിരിക്കേണ്ടതാണ്. 03-07-2018 തിയതിയിൽ FIRE N.O.C ക്ക് അപേക്ഷിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയ ഉടമസ്ഥന്റെ കത്ത് മാത്രമാണ് ഫയലിൽ ഉള്ളത്. FIRE N.O.C ലഭ്യമാക്കിയിട്ടില്ല.

സൈറ്റ് പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനിയറുടെ റിപ്പോർട്ടിലും മേൽ വിഷയങ്ങൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.5/25-10-2019) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയോടൊപ്പം 03-10-2018 തിയതിയിൽ ലഭ്യമായ FIRE N.O.C വ്യക്തിയിൽ നിന്നും ലഭ്യമാക്കി ഹാജരാക്കിയിട്ടുണ്ട്. 29-06-2018 തിയതിയിൽ ഉടമസ്ഥൻ സമർപ്പിച്ച കംപ്ലീഷൻ സർട്ടിഫിക്കറ്റിനോടൊപ്പം ലഭ്യമാക്കേണ്ട രേഖ ഓഡിറ്റ് അന്വേഷണത്തിന് തുടർന്ന് മാത്രമാണ് ലഭ്യമാക്കിയത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സങ്കേതം സോഫ്റ്റ്‌വെയറിലെ പോരായ്മകൾ ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്.
2. പെർമിറ്റ് അനുവദിക്കുമ്പോൾ ചട്ടപ്രകാരമുള്ള സമയമക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
3. പെർമിറ്റ് അനുവദിക്കുമ്പോൾ ഓരോ വിഭാഗം ഒക്യുപൻസിക്കും ചട്ടപ്രകാരം നിർദ്ദേശിച്ചിട്ടുളള എല്ലാ രേഖകളും അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
4. പെർമിറ്റ് അനുവദിച്ചതിനുശേഷം രേഖകൾ ലഭ്യമാക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

# 1-18 തെരുവ് വിളക്കുകളുടെ പരിപാലനച്ചെലവ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ തെരുവു വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാണോ എന്ന് വിലയിരുത്തുന്നതിനായി ഓഡിറ്റ് ലക്ഷ്യമിടുകയും ആയതനുസരിച്ച് സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, പ്രതിമാസ ബില്ലുകൾ എന്നിവ പരിശോധിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. മീറ്ററിനു കീഴിലുള്ള ലാമ്പുകളുടെ വിവരം

പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്കുള്ള ഓരോ മീറ്ററിംഗ് പോയിന്റിനും, ഒരോ കൺസ്യൂമർ നമ്പർ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ അധീനതയിലുള്ള തെരുവ് വിളക്കുകളുടെ വിശദവിവരം അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 36 കൺസ്യൂമർ പോയിന്റുകളിലായി ആകെ 1805 ലാമ്പുകളുണ്ട്.
പ്രതിമാസ വൈദ്യുതി ചാർജ്ജായി ശരാശരി 1,56,000 രൂപ പഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്.

ബി. മീറ്ററിംഗ് സംവിധാനത്തിനു കീഴിലല്ലാത്ത ലാമ്പുകളുടെ വിവരം

മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവ് വിളക്കുകളുടെ എണ്ണവും, തരവും അനുസരിച്ച് വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ KSEBയിലേക്ക് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നുണ്ട്. വിശദ വിവരങ്ങൾ:

കൊല്ലങ്കോട് – കൺസ്യൂർ നം. 1165109008050

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | CFL 18 W | 12 | 26 | 312 |
| 2 | CFL 20 W | 171 | 30 | 5130 |
| 3 | CFL 40 W | 64 | 59 | 3776 |
| 4 | CFL 50 W | 01 | 73 | 73 |
| 5 | CFL 65 W | 185 | 95 | 17575 |
| 6 | CFL 80 W | 200 | 117 | 23400 |
| 7 | SVL 250 W | 7 | 447 | 3129 |
| | Total | 640 | | 53395 |

പ്രതിമാസം 53395 രൂപ മീറ്ററിനു കീഴിലല്ലാത്ത തെരുവു വിളക്കുകൾക്ക് ഒടുക്കുന്നുണ്ട്.

സി. 2018-19 വർഷത്തിൽ വാങ്ങിയ തെരുവു വിളക്കുകളുടെ വിവരം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന രണ്ട് പ്രോജക്റ്റുകൾ എൽ.ഇ.ഡി ലാമ്പുകൾ വാങ്ങുന്നതിനായി നടപ്പാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ:

1. പ്രൊജക്റ്റ് നം.S0012/19 –എൽ.ഇ.ഡി. ബൾബ് സ്ഥാപിക്കൽ

| | |
|---|---|
| അടങ്കൽ | 25,00,000/-(ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./തിയ്യതി | ചെലവ് |
| 51/18-19/10/12/2018 | 9,91,600/- |
| 71/18-19/21/03/2019 | 14,87,400/- |
| ആകെ | 24,79,000/- |

വിവിധ വാർഡുകളിലായി 925 എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ Kerala Electrical & Allied Engineering എന്ന സ്ഥാപനത്തിന്റെ സേവനമാണ് ഉപയുക്തമാക്കിയിരിക്കുന്നത്. പഞ്ചായത്തിന്റെ പ്രവൃത്തന മേഖലയിലെ 18 വാർഡുകളിലായി ഇവ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

2. പ്രൊജക്റ്റ് നം.S00145/19-എൽ.ഇ.ഡി. ബൾബ് സ്ഥാപിക്കൽ

| | |
|---|---|
| അടങ്കൽ | 84,201/-(സാധാരണ വിഹിതം) + 18,00,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)<br>-----------------------------------------<br>18,84,201/- |
| ബിൽ നം./ തിയ്യതി | ചെലവ് |

| | |
|---|---|
| 16/18-19/21/05/2018 | 16,99,460/- |

854 എൽ.ഇ.ഡി. ബൾബുകൾ വാങ്ങുവാനായി ക്ഷണിക്കപ്പെട്ട ഇ-ടെണ്ടറുകളിൽ ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത അമ്മിണി എനർജീസ് സിസ്റ്റം എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 18 വാർഡുകളിലായി ഇവ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

<u>തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണികളുടെ വിവരം</u>

എൽ.ഇ.ഡി ലാമ്പുകളുടെ അറ്റകുറ്റപ്പണികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്റ്റ് നം. | S0253/19 |
| പേര് | എൽ.ഇ.ഡി ബൾബ് മെയിന്റനൻസ് |
| അടങ്കൽ | 4,50,000/- |
| ചിലവ് | 1,10,000/- (തനത് ഫണ്ട്) |

പ്രസ്തുത വിഹിതം ഗിരീഷ്, ഇലക്ട്രിക്കൽ കോൺട്രാക്ടറുടെ അക്കൗണ്ട് നമ്പറായ 67002984879 ലേക്ക് IFSC മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ തിട്ടപ്പെടുത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
2. എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകൾ വാർഷിക അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

4. തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

26.10.2019 ലെ ഓഡിറ്റ് അന്വേഷണ നം.10 പ്രകാരം ആവശ്യപ്പെട്ട രേഖാമൂലമുള്ള വിശദീകരണത്തിൽ മേൽ സൂചിത നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 പഞ്ചായത്തിന്റെ വാഹനത്തിനായി പരിപാലിച്ച് വരുന്ന രജിസ്റ്ററുകളും,

# റെക്കോഡുകളും കാലികമാക്കി സൂക്ഷിക്കേണ്ടതാണ്

പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്ന വാഹനങ്ങൾ താഴെ പറയുന്നവയാണ്.

ജീപ്പ് – നം. KL9T-5414 – പഞ്ചായത്തിന്റെ ആവശ്യത്തിനായി ഉപയോഗിക്കുന്നു.

ട്രാക്ടർ – നം.KL9N-2336 -മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്നു.

a) 30/06/2007ലെ ജി.ഒ(എം.എസ്)നം.170/07/ത.സ്വ.ഭ.വ പ്രകാരം പഞ്ചായത്ത് വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ പറയുന്ന രജിസ്റ്ററുകളും റെക്കോഡുകളും സൂക്ഷിക്കേണ്ടതാണ്.

1. ലോഗ് ബുക്ക്.

2. പെട്രോൾ/ഡീസൽ/ഗ്യാസ്/ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്.

3. റിപ്പയർ രജിസ്റ്റർ.

4. ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ.

5. സ്റ്റോക്ക് രജിസ്റ്റർ.

b) ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റേയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

സി) വാഹനത്തിന്റെ അറ്റകുറ്റപ്പണികളുടെ ചുമതല കസ്റ്റോഡിയൻ ഓഫീസർക്കോ അദ്ദേഹം നിയമാനുസൃതം ചുമതലപ്പെടുത്തുന്ന എഞ്ചിനീയർ മുഖേനയോ നിർവ്വഹിക്കാവുന്നതാണ്.

അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിത ചെലവ് രണ്ടായിരം രൂപയിൽ അധികരിച്ചും പതിനായിരം രൂപ വരെയും ആണെങ്കിൽ ക്വട്ടേഷൻ അടിസ്ഥാനത്തിലല്ലാതെ പഞ്ചായത്തിന്റെ കമ്മിറ്റിയുടെ/ കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായി സർക്കാരിന്റെ അംഗീകാരമുള്ള ഒരു വർക്ക്ഷോപ്പ് മുഖേന ചെയ്യേണ്ടതാണ്.

എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ 2000/- രൂപയിൽ അധികരിച്ചും, പതിനായിരം രൂപയിൽ കുറഞ്ഞതുമായ അറ്റകുറ്റപ്പണികൾ താഴെ പറയുന്ന വിധത്തിൽ ക്വട്ടേഷൻ ഇല്ലാതെ നടത്തിയിട്ടുണ്ട്.

ട്രാക്ടർ നം.KL9N-2336

| ക്രമ നം. | ചെലവ് തുക | വൗച്ചർ നം/ തിയ്യതി | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 3,500/- | 21800492/ 07.09.2018 | കളത്തിൽ ഇൻഡസ്ട്രിയൽ എൻജിനിയറിംഗ് വർക്കസ്, കൊല്ലങ്കോട്. |
| 2 | 4,060/- | 21800659/ 05.11.18 | അയ്യപ്പ ഓയിൽ ഏജൻസീസ്, കൊല്ലങ്കോട്. |

| | | | |
|---|---|---|---|
| 3 | 3,690/- | 21801085/ 19.03.2019 | അയ്യപ്പ ഓയിൽ ഏജൻസീസ്, കൊല്ലങ്കോട്. |
| ആകെ | 11,250 /- | | |

സ്ഥാപനങ്ങൾ സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങളാണോ എന്നുള്ള വിവരം ലഭ്യമാക്കിയിട്ടില്ല. 26.10.2019 ലെ അന്വേഷണ നം.13 പ്രകാരം ന് ലഭ്യമാക്കിയ വിശദീകരണത്തിൽ 30/06/2007 ലെ ജി.ഒ.(എം.എസ്) ൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതാണെന്നും അപാകതകൾ ഒഴിവാക്കുന്നതാണെന്ന അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വാഹനങ്ങളുടെ ഉപയോഗം കൃത്യമായി നിരീക്ഷിക്കേണ്ടതാണ്.
2. മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള രേഖകളുടെ സൂക്ഷിപ്പ് ഉറപ്പാക്കേണ്ടതാണ്.
3. അറ്റകുറ്റപ്പണികൾക്ക് സർക്കാർ നിബന്ധനകൾ പാലിക്കേണ്ടതാണ്.
4. ഇന്ധനക്ഷമതാ ടെസ്റ്റ് കൃത്യമായ ഇടവേളകളിൽ നടത്തേണ്ടതാണ്.
5. ദിവസവേതനാടിസ്ഥാനത്തിലുള്ള ഡ്രൈവറെ നിയമിച്ചിട്ടുള്ളത് നിലവിൽ ഓഫീസ് കം അറ്റന്റന്റ് തസ്തികയിലേക്കാണ് എന്നതിനാൽ വാഹനത്തിന് ഓട്ടമില്ലാത്ത സമയങ്ങളിൽ മേലധികാരികൾ ചുമതലപ്പെടുത്തുന്ന ജോലികൾക്ക് ഡ്രൈവറെ നിയോഗിക്കാവുന്നതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 ജല വിതരണത്തിനായുള്ള ചെലവ് കുറവു ചെയ്യേണ്ടതാണ്

1. ജല അതോറിറ്റിക്ക് ഒടുക്കുവാനുള്ള തുക കുടിശ്ശിക വരുത്താതെ ഒടുക്കേണ്ടതാണ്

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ നായാടി കോളനി, നെൻമേനി കോളനി എന്നീ പ്രദേശങ്ങളിലേക്ക് ബൾക്ക് മീറ്റർ വഴി 2 കൺസ്യൂമർ നമ്പറുകളിലുൾപ്പെടുത്തി വിവിധ ഗുണഭോക്താക്കൾക്കായി പൊതു ടാപ്പുകളിലൂടെ ജലവിതരണം നടത്തി വന്നിരുന്നു. പ്രസ്തുത ജല വിതരണത്തിനായി KWA ക്ക് 22,04,455/- രൂപ കുടിശ്ശികയിനത്തിൽ ഒടുക്കിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലുൾപ്പെടുത്തിയാണ് തുക പുനർനിർണ്ണയിച്ച് ഒടുക്കിയിട്ടുള്ളത്.
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| | |
|---|---|
| പ്രൊജക്റ്റ് നം. | S00.13/19 |
| പേര് | വെള്ളക്കരം കുടിശ്ശിക അടവാക്കൽ |
| അടങ്കൽ | 32,40,000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ബിൽ നം./തിയ്യതി | ചെലവ് |
| 47/18-19/29-11-18 | 14,44,497/- |
| 50/18-19/10-12-18 | 5,75,708/- |
| 59/18-19/ 21-12-2018 | 1,84,250/- |
| ആകെ | 22,04,455/- |

24-10-2019 ലെ അന്വേഷണം നം. 4 ന് നിർവ്വഹണ ഉദ്യോഗസ്ഥൻ താഴെ പറയും പ്രകാരം വിശദീകരണം നൽകിയിട്ടുണ്ട്.

ബൾക്ക് മീറ്റർ വഴി കുടിവെള്ള വിതരണം നടത്തിയ വകയിൽ കുടിശ്ശികയിനത്തിൽ 27,86,412/- രൂപ അടയ്ക്കണമെന്ന് ജല അതോറിറ്റി പഞ്ചായത്തിനെ 17.01.2018 ലെ കത്ത് മുഖേന വിവരം അറിയിച്ചിരുന്നു. KWA നിർണ്ണയിച്ച കുടിശ്ശികയുടെ വിശദ വിവരം:

നെന്മേനി – 9,21,213

നായാടി കോളനി - 18,65,199

ആകെ - 27,86,412/-

കുടിശ്ശിക ഒഴിവാക്കുവാൻ പഞ്ചായത്ത് K.W.A യോട് ആവശ്യപ്പെടുകയും തുടർന്നുള്ള കത്തിടപാടുകളിൽ റവന്യൂ അദാലത്തിന്റെ നിർദ്ദേശാനുസരണം പലിശ ഒഴിവാക്കി നൽകുകയും ആകെ 2020205/- രൂപ അടവാക്കുകയും ചെയ്തിട്ടുണ്ട്. ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുവാനാണ് പ്രസ്തുത നടപടി സ്വീകരിച്ചതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

<u>2. KWA യുടെ പൊതു കുടിവെള്ള ടാപ്പുകളിലൂടെയുമുള്ള ശുദ്ധജല വിതരണം-പൊതുടാപ്പുകൾ ഒഴിവാക്കുവാനുള്ള തീരുമാനം നടപ്പാക്കേണ്ടതാണ്</u>

പഞ്ചായത്തിന്റെ പരിധിയിൽ KWA പരിപാലിക്കുന്ന 375 പൊതു കുടിവെള്ള ടാപ്പുകൾ നിലവിലുണ്ടായിരുന്നു. 2018-19 ൽ പ്രതിമാസം 1,64,063/- രൂപ നിരക്കിൽ 19,68,756/- രൂപ വെള്ളക്കരമായി പഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുവാനായി 07/2019ൽ സംയുക്ത പരിശോധന നടത്തിയിപ്പോൾ പൊതുടാപ്പുകളുടെ എണ്ണം 426 ആയി തിട്ടപ്പെടുത്തുകയും വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

രണ സമിതിയുടെ 24.08.2019 ലെ 6(1) ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറി 31.08.2019 ലെ സി4/2812 നം. കത്ത് പ്രകാരം ജല അതോറിറ്റി പരിപാലിക്കുന്ന 426 പൊതു ടാപ്പുകളും വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ അസി.എക്സി.എഞ്ചിനിയർ, പി.എച്ച്. ഡിവിഷൻ, ചിറ്റൂരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നാളിതുവരെ പൊതു ടാപ്പുകൾ വിച്ഛേദിക്കുകയോ പ്രതിമാസ വെള്ളക്കരം ഒഴിവാക്കി നൽകുകയോ ചെയ്തിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. ജല അതോറിറ്റിക്ക് ഒടുക്കുവാനുള്ള തുക അതാത് മാസം തന്നെ ഒടുക്കുവാനും കുടിശ്ശിക വരുത്താതിരിക്കുവാനും വൻ തുക ഒടുക്കുന്നതിനുള്ള സാഹര്യം ഉണ്ടാകാതിരിക്കുവാനു ശ്രദ്ധിക്കേണ്ടതാണ്.

2. ജല അതോറിറ്റി നൽകുന്ന കണക്കുകളുടെ കൃത്യത ഉറപ്പാക്കിയതിനുശേഷം മാത്രം തുക ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. 426 പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള തീരുമാനം നടപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി കത്ത് നൽകിയ തിയതി മുതൽ വെള്ളക്കരം ഒഴിവാക്കിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-21 ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ

# ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

1. ABC പ്രോഗ്രാം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റ് 24/19 പ്രകാരം നൽകിയ വിഹിതത്തിനുള്ള ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് | തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനുള്ള ABC പ്രോഗ്രാം. |
| അടങ്കൽ | 3,50,000/- (വികസന ഫണ്ട്) |
| ബിൽ നം./ തിയതി | ചിലവ് |
| 8/18-19/14/05/2018 | 3,50,000/- |

പ്രസ്തുത പദ്ധതി വിഹിതം പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ട് നമ്പറായ 79901140000 2200ലേക്ക് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

2) സംസ്ഥാന ബധിര കായിക മേള

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 22.11.2018 ലെ സ.ഉ.(സാധാ)നം.2967/2018/ത.സ്വ.ഭ.വ പ്രകാരം പാലക്കാട്ടിലെ 24 -ാമത് സംസ്ഥാന ബധിര കായിക മേളയുടെ സംഘാടന ചിലവുകൾക്കായി തനത് ഫണ്ടിൽ നിന്നും 10,000/- രൂപ ഒറ്റപ്പാലം എസ്.സി.ബി യിലെ അക്കൗണ്ട് നം.0601000631 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

3) പഞ്ചായത്ത് ദിനാഘോഷം

2019 ലെ പഞ്ചായത്ത് ദിനാഘോഷവുമായി ബന്ധപ്പെട്ട് ജനറൽ കൺവീനർക്ക് തനത് ഫണ്ടിൽ നിന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12400200004719 അക്കൗണ്ടിലേക്ക് NEFT മുഖേന 15,000/- രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

26.10.2019 ലെ അന്വേഷണം നം.12 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

4) ഡെപ്പോസിറ്റ് പ്രവൃത്തി

247/19- പാലക്കോട് പോസ്റ്റ് മാറ്റൽ പ്രവൃത്തിക്കായി 34,998/-രൂപ കെ.എസ്.ഇ.ബി, കൊല്ലങ്കോട് നിക്ഷേപിച്ചിട്ടുണ്ട്. ബിൽ നം.2279637/23.12.2018 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

# 1-22 ഗ്രാമപഞ്ചായത്തിലെ സമ്പൂർണ്ണ

# പാർപ്പിട സുരക്ഷാ പദ്ധതിയുടെ (ലൈഫ്)നടത്തിപ്പ് വിലയിരുത്തൽ

ലൈഫ് പദ്ധതിയുടെ ലക്ഷ്യം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

പദ്ധതി നടത്തിപ്പിനായുള്ള മാനദണ്ഡം

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം താഴെ പറയും പ്രകാരം ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ മുൻഗണനാ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ട്.

- മാനസിക വെല്ലുവിളി നേരിടുന്നവർ / അന്ധർ / ശാരീരിക തളർച്ച സംഭവിച്ചവർ
- അഗതികൾ
- അംഗവൈകല്യമുള്ളവർ
- ഭിന്നലിംഗക്കാർ
- ഗുരുതര / മാരക രോഗമുള്ളവർ
- അവിവാഹിതരായ അമ്മമാർ
- രോഗം / അപകടത്തിൽപ്പെട്ട് ജോലി ചെയ്ത് വരുമാനം കണ്ടെത്താൻ പ്രാപ്തിയില്ലാത്തവർ
- വിധവകൾ

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖയ്ക്ക് അനുസൃതമാണോ എന്നും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനുമാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ആയതനുസരിച്ച് നടത്തിയ പരിശോധനയിലെ കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ഒന്നാം ഘട്ട പദ്ധതി-അപൂർണ്ണമായ ഭവനങ്ങളുടെ പൂർത്തീകരണം

2017-18 വർഷത്തിൽ പൂർത്തീകരിക്കേണ്ടിയിരുന്ന ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2018-19 വർഷത്തിലാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രോജക്റ്റ് നം.103/19-ലൈഫ് ഭവന നിർമ്മാണം(സ്പിൽ ഓവർ) പ്രകാരം 240000/-രൂപ ടി.എസ്.പി ഫണ്ടിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. 6 ഗുണഭോക്താക്കൾക്ക് ബാക്കി തുക നല്കി ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ ആകെ 11 ഭവനങ്ങളുടെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ നടപ്പാക്കിയത്.

<u>രണ്ടാം ഘട്ടം-സ്വന്തമായി ഭൂമിയുള്ളവർക്കുള്ള ഭവന നിർമ്മാണം</u>

ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2081-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 5% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

<u>യൂണിറ്റ് നിരക്ക്</u>

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

<u>2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ</u>

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരുടേയും തൻവർഷം എഗ്രിമെന്റ് വെച്ചവരുടേയും വിവരം താഴെ ചേർക്കുന്നു.

| വിഭാഗം | പട്ടികയിൽ ഉൾപ്പെട്ടവർ | എഗ്രിമെന്റ് വെച്ചവർ | നാളിതുവരെ നിർമ്മാണം പൂർത്തീ കരിച്ചവർ |
|---|---|---|---|
| ജനറൽ | 225 | 130 | 35 |
| പട്ടികജാതി | 38 | 10 | 3 |
| പട്ടികവർഗ്ഗം | 3 | 0 | 0 |
| ആകെ | 266 | 140 | 38 |

<u>തൻവർഷത്തെ പദ്ധതി നടത്തിപ്പ്</u>

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻവർഷം 3 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചുവെങ്കിലും 2 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.
ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

<u>a) ലൈഫ് മിഷൻ ഭവന പദ്ധതി - ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം (72/19)-ജനറൽ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 5501000 | 5469553 |
| ബ്ലോക്ക് പഞ്ചായത്ത് | 944444 | 944444 |
| മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം (നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്) | 1200000 | 800000 |
| ജില്ലാ പഞ്ചായത്ത് | 3655556 | 1815556 |
| മറ്റിനം(വായ്പ) | 55899000 | 22370447 |
| ആകെ | 67200000 | 31400000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 139 (129 ജനറൽ+ 10 എസ്.സി) | 40000 | 5560000 |
| II | 130 (120 ജനറൽ + 10 എസ്.സി) | 160000 | 20800000 |
| III | 109 (102 -ജനറൽ +7 എസ്.സി ) | 60000*79=4740000+ 21*100000= 2100000+2*100000 മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം=200000 | 7040000 |
| | | | [illegible] |

| | |
|---|---|
| ആകെ | 33400000 |

ജനറൽ വിഭാഗത്തിലെ 35 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

b) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( 73/19)-എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-II

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 3289000 | 2700000 |
| ബ്ലോക്ക് പഞ്ചായത്ത് | 965469 | 0 |
| ജില്ലാ പഞ്ചായത്ത് | 854547 | 0 |
| മറ്റുള്ളവ | 6490984 | 0 |
| ആകെ | 11600000 | 2700000 |

വിവിധ ഗഡുക്കളായി ധനസഹായം കൈപ്പറ്റിയവരുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

| ഗഡു | ഗുണഭോക്താക്കളുടെ എണ്ണം | ഗഡു സംഖ്യ | ആകെ |
|---|---|---|---|
| I | 10 | 40000 | 400000 |
| II | 10 | 160000 | 1600000 |
| III | 7 | 100000 | 700000 |
| ആകെ | | | 2700000 |

പട്ടികജാതി വിഭാഗത്തിൽ ആകെയുള്ള 10 ഗുണഭോക്താക്കളിൽ 3 ഗുണഭോക്താക്കൾ മാത്രമാണ് മുഴുവൻ തുകയും കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്.

c) പദ്ധതി - ലൈഫ് മിഷൻ ഭവന പദ്ധതി ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം ( 93/19)-ടി.എസ്.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ-II

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട്(ടി.എസ്.പി) | 14460000 | 0 |
| ജില്ലാ പഞ്ചായത്ത് | 93384 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 145894 | 0 |
| മറ്റുള്ളവ | 114722 | 0 |
| ആകെ | 14814000 | 0 |

പദ്ധതി തൻവർഷം നടപ്പിലായിട്ടില്ല. കൊല്ലങ്കോട് പഞ്ചായത്തിലെ ഇരവാളൻ സമുദായക്കാർക്ക് റവന്യൂ വകുപ്പിൽ നിന്നും പട്ടിക വർഗ്ഗ വിഭാഗക്കാർക്കുള്ള സാക്ഷ്യപത്രം അനുവദിക്കുന്നതിൽ നിലനിൽക്കുന്ന ആശയക്കുഴപ്പം മൂലം എസ്.ടി.പി ഫണ്ട് ചെലവഴിക്കുവാൻ തടസ്സം നേരിടുന്നതായി പഞ്ചായത്ത് അധികൃതർ അറിയിച്ചു.

ലൈഫ് പദ്ധതിക്കായുള്ള ഹഡ്കോ ലോൺ ലഭ്യമായതിന്റെ വിവരം

2018-19 ൽ 22370447/- രൂപ ഹഡ്കോയിൽ നിന്നും KURDFC മുഖേന വായ്പ ലഭ്യമായിട്ടുണ്ട്. തുക പഞ്ചായത്തിന്റ SBI യുടെ കൊല്ലങ്കോട് ബ്രാഞ്ചിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചുള്ളത്. 31-3-2019 വരെ ലഭ്യമായ തുക ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതമാണ് സർക്കാർ വിഹിതമായി മാർഗ്ഗരേഖ പ്രകാരം നീക്കി വെച്ചിട്ടുള്ളത്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും പഞ്ചായത്തിൽ ലഭ്യമായിട്ടില്ല.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തിയതിന് രേഖകളില്ല.

2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

ഓഡിറ്റ് അന്വേഷണം.21/28.10.19 മുഖേനയും 30-10-2019 ലെ എക്സിറ്റ് മീറ്റിംഗിലും ഓഡിറ്റ് കണ്ടെത്തലുകൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ആരംഭിച്ച ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ലൈഫ് മിഷൻ മാർഗ്ഗ രേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-23 ലൈഫ് ഭവന പദ്ധതി പ്രകാരം കൈപ്പറ്റിയ തുക പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്

പ്രോജക്ട് നം.72/19-ഭൂമിയുള്ള ഭവന രഹിതർക്ക് വീട് നിർമ്മാണം

അടങ്കൽ-67200000

ആകെ ചെലവ്-31400000
ബിൽ നം.11/18-19 തിയ്യതി 25-7-2018 – 1040000/- രൂപ

പദ്ധതി നടത്തിപ്പിനായി 26 ഗുണഭോക്താക്കൾക്ക് 40000/- രൂപ വീതം നല്കുന്നതിനായി മേൽ സൂചിപ്പിച്ച ബിൽ പ്രകാരം പിൻവലിച്ച തുകയിൽ ശ്രീമതി.കുമാരി w/o സുബ്രമണ്യൻ, കുന്നത്ത് വീട്, പയ്യലൂർ എന്ന ഗുണഭോക്താവ് കൈപ്പറ്റിയ 40000/- രൂപ ട്രഷറിയിലുള്ള Joint Venture Account ൽ ചലാൻ നം.37349/5.12.18 പ്രകാരം തെറ്റായി ഒടുക്കിയിട്ടുണ്ട്. (അക്കൗണ്ട് നം.799011400001373). പ്രസ്തുത തുക പിൻവലിച്ച് സർക്കാരിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള (21/ 28.10.19) മറുപടിയിൽ തുക സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 ലൈഫ് മിഷൻ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച എസ്.സി.ഫണ്ട് ജനറൽ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് അനുവദിച്ചു

ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ജില്ലാ പഞ്ചായത്തിൽ നിന്നും എസ്.സി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി ലഭിച്ച ഫണ്ട് ജനറൽ വിഭാഗത്തിലെ ഗുണഭോക്താൾക്ക് നല്കിയിട്ടുള്ളതായി രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. ലൈഫ് ഭവന

പദ്ധതിക്കായി ജില്ലാപഞ്ചായത്തിൽ നിന്നും എസ്.സി & ജനറൽ എന്നീ വിഭാഗത്തിൽ ലഭിച്ച ഫണ്ടിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | വിഭാഗം | തിയ്യതി | ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ജനറൽ | 30.08.18 | 1364628 | 1815556 |
| 2 | എസ്.സി | 30.08.18<br>20.03.19 | 816013<br>447748 | 0 |
| ആകെ | | | 2628389 | 1815556 |

ജനറൽ വിഭാഗത്തിന് 1364628/- രൂപ മാത്രമാണ് ലഭ്യമായതെങ്കിലും 1815556/- രൂപ നിർവ്വഹണോദ്യോഗസ്ഥയായ വി.ഇ.ഒ യ്ക്ക് തൻവർഷം നല്കുകയും തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 450928/- രൂപ (1815556-1364628) എസ്.സി വിഭാഗത്തിന് ലഭ്യമായ തുകയിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായ തുകകൾ പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നിക്ഷേപിച്ചതിനുശേഷം തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിനായുള്ള രജിസ്റ്ററിൽ ചെലവ് വിവരം കൃത്യമായി രേഖപ്പെടുത്താതിരുന്നതിനാലാണ് ഫണ്ട് വക മാറ്റുവാനിടയായതെന്ന് വിലയിരുത്തുന്നു.
വി.ഇ.ഒ ഫണ്ട് ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പ്രോജക്റ്റ് നം-72/19-ഭൂമിയുള്ള ഭവനരഹിതർക്കുള്ള വീട് നിർമ്മാണം (ജനറൽ)

നിർവ്വഹണം.-വി.ഇ.ഒ-സർക്കിൾ I.

| ക്രമ നം. | ചെക്ക് നമ്പരും തിയ്യതിയും | ചെലവ് |
|---|---|---|
| 1 | 2655798/15.10.18 | 1360000 |
| 2 | 2655793/8.11.18 | 335556 |
| 3 | 1568292/8.11.18 | 120000 |
| ആകെ | | 1815556 |

പതിമൂന്നാം പദ്ധതി പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.11/2018/തസ്വഭവ,തിയ്യതി 29.01.2018 ഖണ്ഡിക 6.1-പട്ടികജാതി ഉപപദ്ധതി പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ (non-lapsable and non-divertible) പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള (20/28.10.19) മറുപടിയിൽ 23.10.2019 ന് ജില്ലാ പഞ്ചായത്തിൽ നിന്നും ജനറൽ ഫണ്ടിനത്തിൽ 1390519/- രൂപ ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത ഫണ്ടിൽ നിന്നും മേൽ തുക (450928/-) രൂപ എസ്.സി ഫണ്ടിലേക്ക് നല്കി ബാക്കി തുക മാത്രമേ ജനറൽ വിഭാഗത്തിന് അനുവദിക്കുകയുള്ളൂ എന്നും മറുപടി നല്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഇത്തരത്തിലുള്ള അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കണക്കുകൾ ക്രമീകരിച്ച് തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ-മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന രോഗികളെ കണ്ടെത്തി അവർക്ക് മരുന്ന് ഉൾപ്പെടെ ആവശ്യമുള്ള പ്രാഥമിക ആരോഗ്യ പരിപാലന സംവിധാനം സജ്ജമാക്കുക, കിടപ്പിലായ രോഗികൾക്ക് ഉചിതമായ ചികിത്സാ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക എന്നീ ലക്ഷ്യങ്ങളോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29-10-2015 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. 07-03-2019 ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ച മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

സാന്ത്വനപരിചരണ പരിപാടി കാര്യക്ഷമമാണോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി നോമിനൽ രജിസ്റ്റർ, ഫോളോ അപ്പ് രജിസ്റ്റർ, ഫീൽഡ് വിസിറ്റ് രജിസ്റ്റർ, ഈവന്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, സബ് സ്റ്റോക്ക് രജിസ്റ്റർ , പി.എം.സി മിനുട്ടുസ് ബുക്ക്, റിവ്യൂ മീറ്റിംഗ് രജിസ്റ്റർ, ഹോം കെയർ രജിസ്റ്റർ എന്നിവ പരിശോധിച്ചു.

രോഗികളുടെ കണക്ക്

നോമിനൽ രജിസ്റ്റർ പ്രകാരമുള്ള 220 രോഗികളിൽ തീരെ അവശത അനുഭവിക്കുന്ന 147 രോഗികളെ സന്ദർശിച്ച് മരുന്നും മറ്റ് അത്യാവശ്യ സാധനങ്ങളും എത്തിച്ച് നല്കുന്നുണ്ട്. ആഴ്ചയിൽ 4 ഉം മാസത്തിൽ 16 ഉം ഹോം കെയർ നടത്തി വരുന്നുണ്ട്.

വിവിധ യോഗങ്ങളുടെ വിവരം

പി.എം.സി യോഗങ്ങൾ 3 മാസത്തിൽ ഒരിക്കൽ എന്ന രീതിയിൽ കൂടിയിട്ടുണ്ടെന്നും രജിസ്റ്റർ പരിശോധനയിൽ ബോധ്യപ്പെട്ടു. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനു വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ മാസവും അവലോകന യോഗങ്ങൾ (Review Meeting) കൂടേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം എല്ലാ മാസവും യോഗങ്ങൾ കൂടിയിട്ടുണ്ട്.

2018-19 ൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

| പ്രോജക്റ്റ് നമ്പരും പേരും | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|

| | | |
|---|---|---|
| 7/2019-സാന്ത്വന പരിചരണം | 3,00,000/-<br>(പ്ലാൻ ഫണ്ട് -ജനറൽ) | 103976 |
| | 1,50,000/-<br>(മറ്റ് ബ്ലോക്ക് വിഹിതം) | 146816 |
| 109/2019-സാന്ത്വന പരിചരണം | 2279-തനത് ഫണ്ട് | 0 |
| | 145530-ബ്ലോക്ക് വിഹിതം | 110336 |
| ആകെ | 597809 | 361128 |

<u>ചെലവ് വിവരം</u>

| ബിൽ നം./ചെക്ക് നം, | തിയ്യതി | തുക |
|---|---|---|
| 1/18-19 | 15.05.2018 | 34500 |
| 4/18-19 | 21.06.2018 | 35280 |
| 14/18-19 | 12.09.2018 | 34196 |
| 26557963 | 28.1.19 | 34758 |
| .2012932 | 08.03.2019 | 8636 |
| 1568296 | 21.02.2018 | 33810 |
| 26557963 | 17.03.2018 | 39780 |
| 1568293 | 26.11.2018 | 36166 |
| 2655800 | 09.11.2018 | 33446 |
| 2655797 | 20.08.18 | 34236 |
| 2655795 | 02.06.18 | 36320 |
| ആകെ | | 361128 |

രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖയിലെ അനുബന്ധം. 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ വരവ്-ചെലവുകൾ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

2. പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള ഹോം കെയർ വാഹനം ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്നവർക്ക് നൽകേണ്ടതാണെന്നും ക്വട്ടേഷൻ പിഎംസി അംഗീകരിക്കേണ്ടതാണെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഓടുന്ന ദൂരത്തിന്

ആനുപാതികമായ പരമാവധി ദിവസ വാടകയും മാർഗ്ഗരേഖയിലുണ്ട്. ക്വട്ടേഷൻ പി.എം.സി അംഗീകരിച്ചിട്ടില്ല.

3. വകയിരുത്തിയ തുകയുടെ 60% മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. സ്പിൽ ഓവർ ഉൾപ്പെടെ തൻവർഷം രണ്ട് പ്രോജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. ഓരോ വർഷവും വകയിരുത്തുന്ന തുക അതാത് വർഷം ചെലവഴിച്ച് സ്പിൽ ഓവർ പ്രോജക്റ്റുകൾ ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പി.എം.സി, പി.ഐ.സി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്നും പദ്ധതി നടത്തിപ്പ് വിലയിരുത്തുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. ഓരോ മാസത്തെ പ്രവർത്തനാവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്.

2. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നു വരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ, സന്നദ്ധ സംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3. പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സംഭാവന ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

5. പദ്ധതിക്കായി ലഭിക്കുന്നതും വകയിരുത്തുന്നതുമായ ഗ്രാമ/ബ്ലോക്ക്/ജില്ലാ വിഹിതം പൂർണ്ണമായി ചെലവഴിക്കേണ്ടതാണ്.

6. പുതുക്കിയ മാർഗ്ഗരേഖ പ്രകാരമുള്ള തുടർ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 ഹോമിയോ ആശുപത്രിയിൽ ആവശ്യകത വിലയിരുത്താതെ വാങ്ങിയ ഉപകരണങ്ങൾ നിഷ്ക്രിയാവസ്ഥയിൽ

2018-19 വർഷത്തിൽ ഹോമിയോ ആശുപത്രിക്കായി വിവിധ സാധന സാമഗ്രികൾ വാങ്ങിയിട്ടുണ്ട്. സാമഗ്രികൾ പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി സ്ഥാപനത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ സാമഗ്രികൾ നിഷ്ക്രിയാവസ്ഥയിലാണെന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ | പ്രോജക്ട് | വാങ്ങിയ | ബിൽ നമ്പരും |
|---|---|---|---|

| നം. | | സാധനങ്ങൾ | തുകയും |
|---|---|---|---|
| 1 | 117/19-ഹോമിയോ ആശുപത്രിക്ക് -വാട്ടർ പ്യൂരിഫയർ, ഇൻഡക്ഷൻ കുക്കർ വാങ്ങൽ | വാട്ടർ പ്യൂരിഫയർ, ഇൻഡക്ഷൻ കുക്കർ | 2/22.5.19 =33800 |
| 2 | 115/19-ഹോമിയോ ആശുപത്രിക്ക് -പ്രിൻ്റർ വാങ്ങൽ | പ്രിൻ്റർ | 1/22.5.19 =13000 |
| ആകെ | | | 46800 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ മാർഗ്ഗരേഖ (ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ. തിയ്യതി 8.11.2010), 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ എന്നിവ പ്രകാരം സാധന സാമഗ്രികളുടെ ആവശ്യകത വിലയിരുത്തി മാത്രമേ വാങ്ങലുകൾ നടത്താവൂ. ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ സാധനങ്ങൾ വാങ്ങിയതിനും വാങ്ങിയ സാധന സാമഗ്രികൾ ഉപയോഗിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (7/25.10.19) മറുപടിയിൽ ഉപകരണങ്ങൾ എല്ലാം തന്നെ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.
ഉപകരണങ്ങൾ പ്രയോജനപ്പെടുത്താത്തപക്ഷം ആയവ ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സാധനങ്ങൾ പ്രയോജനപ്പെടുത്തുന്നതുവരെ സാധനങ്ങൾക്കായി ചെലവഴിച്ച തുക തടസ്സത്തിൽ വെക്കുന്നു.

# 1-27 ഹോമിയോ ആശുപത്രിക്ക് ആവശ്യമായ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല - തുടർ നടപടികൾ ആവശ്യപ്പെടുന്നു

പ്രോജക്ട് നം.10/19

അടങ്കൽ-300000-എം.ജി-നോൺ റോഡ്

ബിൽ നം.4/2.3.19=300000

മേൽ ബിൽ പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി പിൻവലിച്ച തുക ഹോംകോയുടെ 25.2.2019 ലെ പ്രഫോർമ ഇൻവോയ്സ് നം.1436 പ്രകാരം ഹോംകോയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കിയിട്ടുണ്ട് (34306403911). മരുന്നുകൾ നാളിതുവരെ സ്ഥാപനത്തിൽ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നല്കിയ

ഓഡിറ്റ് അന്വേഷണത്തിനുള്ള (7/25.10.19) മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിലേക്ക് ഹോകോയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ട്.

മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവിരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 ബില്ലുകളിൽ നിന്നും ടി.ഡി.എസ്.ഈടാക്കിയിട്ടില്ല-നടപടികൾ ആവശ്യപ്പെടുന്നു

നിർവ്വഹണം-ഐ.സി.ഡി.എസ്.സൂപ്പർവൈസർ

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. താഴെ സൂചിപ്പിക്കുന്ന അനുപൂരക പോഷകാഹാര വിതരണ പ്രോജക്ട് പ്രകാരമുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2%

നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കി ഒടുക്കിയിട്ടില്ല. പോഷകാഹാരം സപ്ലൈ ചെയ്ത സ്ഥാപനം ജി.എസ്.ടി ഒടുക്കിയതിനും രേഖകൾ ഇല്ല.

| ക്രമ നം. | പ്രോജക്ട് | ബിൽ നമ്പർ/ ചെക്ക് നമ്പരും തിയ്യതിയും | തുക |
|---|---|---|---|
| 1 | 113/19 | ചെക്ക് നം.2279641 | 442539 |
| | | ചെക്ക് നം. 2279619/ 13.11.18 | 534841 |
| 2 | 33/19 | ചെക്ക് നം. 2012931/ 27.12.19 | 174790 |
| | | ചെക്ക്.നം.2012936/22.3.19 | 339360 |
| 3 | 37/19 | ബിൽ നം.4/13.11.18 | 261918 |
| | | ബിൽ നം.7/14.1.19 | 207882 |
| | | ബിൽ ന.10/26.2.18 | 64945 |
| | | ബിൽ നം.11/22.3.19 | 133382 |

ഓഡിറ്റ് അന്വേഷണം നം. 9/26-10-2019നുള്ള മറുപടിയിൽ മേൽ സൂചിപ്പിച്ച ബില്ലുകളിൽ നിന്നും ടി.ഡി.എസ് പിടിക്കണമെന്ന കാര്യം അറിയില്ല എന്നും ഇനിയുള്ള ബില്ലുകളിൽ നിന്നും ഈടാക്കി മാത്രമെ തുക ഒടുക്കുകയുള്ളു എന്നും മറുപടി നല്കിയിട്ടുണ്ട്. മറുപടി അംഗീകരിക്കുന്നില്ല. സ്ഥാപനം

മേൽ ബില്ലുകളുടെ ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-29 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ 164 പ്രവൃത്തികളിൽ 111 എണ്ണം തൻവർഷം പൂർത്തീകരിക്കുകയോ, ഭാഗികമായി പൂർത്തീകരിക്കുകയോ ചെയ്തിട്ടുണ്ട്. വകയിരു ത്തിയ 6.06 കോടി രൂപയിൽ 3.12 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ തുകയുടെ 52% മാത്രമാണ് ചെലവ്.

മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

എ. പ്രോജക്ടുകളുടെ ആധിക്യം പദ്ധതി പ്രവർത്തനത്തെ ബാധിക്കുന്നു

സ്പിൽ ഓവർ പ്രോജക്ടുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്ടുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും സ്പിൽ ഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 164 മരാമത്ത് പ്രവൃത്തികളിൽ 97 എണ്ണവും (60%) സ്പിൽഓവർ പ്രോജക്ടുകളാണ്.

ബി. കരാറുകാർ അപേക്ഷ സമർപ്പിക്കുന്നില്ല

വിവിധ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത് കരാറുകാരുടെ അപേക്ഷയില്ലാതെയാണ്. ആയതിനാൽ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കു മുമ്പ് കരാറുകാർ അപേക്ഷ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

സി. അപേക്ഷയിന്മേലുള്ള അന്വേഷണ റിപ്പോർട്ട്, തീരുമാനം

കരാറുകാരുടെ അപേക്ഷയിന്മേലുള്ള അസി. എഞ്ചിനിയറുടെ വിശദമായ റിപ്പോർട്ടും അനുമതി നൽകിയതിന്റെ രേഖകളും കൃത്യമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല. പി.ഡബ്ള്യ.ഡി മാന്വൽ പ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റെ യാതൊരു രേഖയും ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

ഡി. പിഴ ഈടാക്കുന്നതിൽ അപാകത

പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരുടെ അപേക്ഷ ഇല്ലാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയ ഏതാനും പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് ചട്ട പ്രകാരം നിർണ്ണയിച്ചിട്ടുള്ള തുകയേക്കാൾ കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഏതാനും പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുമില്ല.

PWD മാന്വൽ പ്രകാരം ആദ്യ ഘട്ടത്തിൽ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നൽകുമ്പോൾ യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ് മാസം, ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രം അനുവദിക്കാവുന്നതാണ്. എന്നാൽ ആദ്യ ഘട്ടത്തിൽ തന്നെ ഇക്കാര്യം പരിഗണിക്കാതെയാണ് കാലാവാധി ദീർഘിപ്പിച്ച് നൽകുന്നത്. ആദ്യ ഘട്ടത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നില്ലെങ്കിൽ ഒരു തവണ കൂടി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. ഈ ഘട്ടത്തിലും യഥാർത്ഥ കാലയളവിന്റെ 25% അല്ലെങ്കിൽ ആറ് മാസം, ഏതാണോ കുറവ് ആ കാലയളവ് വരെ മാത്രം അനുവദിക്കാവുന്നതാണ്.

കരാറുകാരുടെ കാരണം കൊണ്ടാണ് കാലാവധി ദീർഘിപ്പിക്കുന്നതെങ്കിൽ ആദ്യ ഘട്ടത്തിൽ PAC യുടെ 1%, രണ്ടാം ഘട്ടത്തിൽ 2% എന്നിങ്ങനെ പിഴ ഈടാക്കേണ്ടതാണ് എന്ന നിബന്ധന കണക്കിലെടുക്കാതെ ആദ്യ തവണ തന്നെ 25% ൽ കൂടുതൽ കാലയളവ് അനുവദിച്ചതിനാൽ രണ്ടാം ഘട്ടത്തിൽ ലഭിക്കുമായിരുന്ന 2% പിഴ ഒഴിവാക്കപ്പെടുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം ഇളവുകൾ ലഭിച്ചതിനാൽ പ്രവൃത്തി പൂർത്തീകരണം വൈകിപ്പിക്കുന്നതിനുള്ള പ്രവണത സൃഷ്ടിക്കുവാനിടയായിട്ടുണ്ട്.

<u>ഇ. രേഖകളുടെ സൂക്ഷിപ്പ്</u>

എഗ്രിമെന്റ് വ്യവസ്ഥകളിൽ പലതും കാലഹരണപ്പെട്ടിട്ടും ആയത് പുതുക്കിയിട്ടില്ല.

സെലക്ഷൻ നോട്ടീസിൽ കൃത്യമായ തിയതി രേഖപ്പെടുത്തുന്നില്ല.

പല ഫയലുകളിലും പ്രോജക്റ്റുകളും സാങ്കേതികാനുമതി രേഖകളും സൂക്ഷിക്കുന്നില്ല.

മെയ്റ്റനൻസ് പ്ലാൻ, റോഡ് കണക്റ്റിവിറ്റി മാപ്പ് മുതലായ രേഖകളും സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ നാളിതുവരെ കാലികമാക്കിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണം, നിർവ്വഹണം, രേഖകളുടെ സൂക്ഷിപ്പ് എന്നിവ കാര്യക്ഷമമാക്കുന്നതിനുള്ള തുടർനടപടികൾ ഉണ്ടാകുവാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ശക്തമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 14/261-10-2019 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ജൂൺ മുതൽ ആഗസ്റ്റ് വരെ ഒരു ഓവർസിയർ മാത്രമാണ് ഉണ്ടായിരുന്നതെന്നും ജൂൺ മുതൽ സെപ്റ്റംബർ വരെ അഡീ. ചാർജ്ജ് ഉള്ള അസി. എഞ്ചിനിയറാണ് ഉണ്ടായിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. ഒഴിവുകൾ അതാത് സമയം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-30 മരാമത്ത് പ്രവൃത്തിയുടെ

# കരാറുകാരൻ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾ ക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കുകയോ മാന്വൽ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 244/18-പൊന്നനടി SC കോളനി റോഡ് കോൺക്രീറ്റ്<br>അടങ്കൽ - 500000<br>ടെണ്ടർ തുക - 499221<br>കരാറുകാരൻ - ശ്രീ.ഹരിദാസ്.ആർ<br>എഗ്രിമെന്റ് നം.:99/6-3-18<br>അളവു പുസ്തകം - 206/16-17<br>ചെലവ് - 473565<br>ബിൽ നം. 52/27-11-18 | 22-12-2017 | 5-1-2018 | 6-3-2018 | 4992 |
| 2 | 261/18-കണ്ടൻചിറ | 22-12-2017 | 5-1-2018 | 22-1-2018 | 8492 |

| | | | | | |
|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റ്<br><br>അടങ്കൽ - 850000<br><br>ടെണ്ടർ തുക -849201<br><br>കരാറുകാരൻ - M/s. കൊടുവായൂർ കൺസ്ട്രക്ഷൻസ്<br><br>എഗ്രിമെന്റ് നം.:76/22-1-18<br><br>അളവു പുസ്തകം - 171/16-17<br><br>ചെലവ് - 892620<br><br>ബിൽ നം. 66/19-12-18 | | | | |
| 3 | 189/18-വടക്കേക്കളം റോഡ്<br><br>അടങ്കൽ - 500000<br><br>ടെണ്ടർ തുക -499977<br><br>കരാറുകാരൻ - മോഹൻദാസ്.കെ.വി<br><br>എഗ്രിമെന്റ് നം.:83/31-1-18<br><br>അളവു പുസ്തകം - 103/16-17<br><br>ചെലവ് - 494537<br><br>ബിൽ നം. 66/19-12-18 | 22-12-2017 | 5-1-2018 | 31-1-2018 | 5000 |
| ആകെ | | | | | 18484 |

ഓഡിറ്റ് അന്വേഷണം നം.16/26-10-2019 നുള്ള മറുപടിയിൽ തുക ഒടുക്കുന്നതിന് കരാറുകാർക്ക് കത്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈടാക്കുവാൻ വിട്ടുപോയ തുക കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-31 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ PWD മാന്വൽ

# പ്രകാരമുള്ള പിഴ ഈടാക്കിയില്ല

2012 ലെ കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. അപ്രകാരമുള്ള അപേക്ഷകൾ ഫയലിൽ സൂക്ഷിക്കാതെയാണ് കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുള്ളത്.

മാന്വൽ പ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത് 1000 രൂപ<br>കൂടിയത് 50000 രൂപ |
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000 രൂപ<br>കൂടിയത് 100000 രൂപ |

താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 112/17 -വെള്ളനാറ റോഡ് റീടാറിംഗ്<br>അടങ്കൽ - 250000<br>PAC-249868<br>കരാറുകാരൻ - ശ്രീ.ശിവൻ.ടി<br>എഗ്രിമെന്റ് നം.:73/15-2-17<br>അളവു പുസ്തകം - 164/16-17<br>ചെലവ് - 219895 | 14-5-2017 | 24-4-2018 | 2109 | 7496<br>(3%) | 5387 |

| | | | | | | |
|---|---|---|---|---|---|---|
| | (ബിൽ നം.29/<br>13-7-18) | | | | | |
| 2 | 65/17 -മണ്ണാർക്കുണ്ട് എസ്.സി കോളനി റോഡ് സൈഡ് പ്രൊട്ടക്ഷൻ<br>അടങ്കൽ - 274000<br>PAC-274000<br>കരാറുകാരൻ - ശ്രീ.സുരേഷ്.ടി<br>എഗ്രിമെന്റ് നം.:24/18-1-17<br>അളവു പുസ്തകം - 84/15-16<br>ചെലവ് - 198212<br>(ബിൽ നം.<br>43/26-10-18) | 18-4-<br>2017 | 6-6-<br>2018 | 854 | 8220<br>(3%) | 7366 |
| 3 | 160/18-തെക്കേത്തറ-<br>വേലംപൊറ്റ റോഡ്<br>അടങ്കൽ - 360000<br>PAC-359448<br>കരാറുകാരൻ -<br>ശ്രീ.ഉദയൻ.കെ.നായർ<br>എഗ്രിമെന്റ് നം.:89/12-3-18<br>അളവു പുസ്തകം - 211/16-17<br>ചെലവ് - 347899<br>ബിൽ നം. 72/<br>28-12-18 | 12-6-18 | 5-11-18 | - | 10873<br>(3%) | 10873 |
| 4 | 85/17-ചെറ്റാറ-<br>തറപ്പാടം റോഡ് ടാറിംഗ്<br>അടങ്കൽ - 475000<br>PAC- 474132<br>കരാറുകാരൻ - ശ്രീ.എസ്.<br>മുഹമ്മദ് മൊയ്ദീൻ<br>എഗ്രിമെന്റ് നം.:65/15-2-17<br>അളവു പുസ്തകം - 2/17-18<br>ചെലവ് - 460779<br>ബിൽ നം. 4/23-5-18 | 14-5-17 | 28-3-18 | 4607 | 14224<br>(3%) | 9617 |
| 5 | 105/18-തഹസീൽദാർപ്പാടം | 14-5-17 | 26-3-18 | 2552 | 8250 | 5698 |

| | | | | | | |
|---|---|---|---|---|---|---|
| | ച്ചിരണി റോഡ് ടാറിംഗ്<br><br>അടങ്കൽ - 275000<br><br>PAC- 275000<br><br>കരാറുകാരൻ - ശ്രീ.എസ്. മുഹമ്മദ് മൊയ്ദീൻ<br><br>എഗ്രിമെന്റ് നം.:66/15-2-17<br><br>അളവു പുസ്തകം - 3/17-18<br><br>ചെലവ് - 255240<br><br>ബിൽ നം. 3/23-5-18 | | | | (3%) | |
| 6 | 244/18-പൊന്നനടി SC കോളനി റോഡ് കോൺക്രീറ്റ്<br><br>അടങ്കൽ - 500000<br><br>PAC- 499321<br><br>കരാറുകാരൻ - ശ്രീ.ഹരിദാസ്.ആർ<br><br>എഗ്രിമെന്റ് നം.:99/6-3-18<br><br>അളവു പുസ്തകം - 206/16-17<br><br>ചെലവ് - 473565<br><br>ബിൽ നം. 52/ 27-11-18 | 5-6-18 | 12-11-18 | 4736 | 14980<br><br>(3%) | 10244 |
| 7 | 116/18-ബസ് സ്റ്റാന്റ് റോഡ് നവീകരണം<br><br>അടങ്കൽ - 2500000<br><br>PAC- 2499785<br><br>കരാറുകാരൻ - ശ്രീ.ടി.ശിവൻ<br><br>എഗ്രിമെന്റ് നം.:105/30-3-17<br><br>അളവു പുസ്തകം - 62/16-17, 180/16-17<br><br>ചെലവ് - 2374833<br><br>ബിൽ നം. 56/ 11-12-18 | 29-9-17 | 31-10-18 | 14191 | 74994 (3%) | 60803 |
| 8 | 60/17-മേട്ടുപ്പാളയം-പാറക്കളം റോഡ് റീടാറിംഗ് | 27-5-2017 | 11-2-2019 | 0 | 8983 (3%) | 8983 |

| | | | | | | |
|---|---|---|---|---|---|---|
| | അടങ്കൽ - 300000<br>PAC- 299430<br>കരാറുകാരൻ - ശ്രീ.ഷറീഫ് സൈൻ<br>എഗ്രിമെന്റ് നം.:88/28-2-17<br>അളവു പുസ്തകം - 217/16-17<br>ചെലവ് - 299148<br>ബിൽ നം. 31/<br>6-3-19 | | | | | |
| 9 | 169/19-ഓപ്പൺ വെൽ നവീകരണം<br>അടങ്കൽ - 850000<br>PAC-849723<br>കരാറുകാരൻ - ശ്രീ.കെ.വി. മോഹൻദാസ്<br>എഗ്രിമെന്റ് നം.:82/31-1-2018<br>അളവു പുസ്തകം - 172, 150, 225/16-17<br>ചെലവ് - 752433<br>ബിൽ നം. 21/30-1-19 | 30-7-2018 | 18-12-18 | 0 | 25492 (3%) | 25492 |
| 10 | 263/18-ചിങ്ങംചിറ റോഡ് റീടാറിംഗ്<br>അടങ്കൽ - 388000<br>PAC-387646<br>കരാറുകാരൻ - ശ്രീ.പി.എൻ. അർജ്ജുനൻ<br>എഗ്രിമെന്റ് നം.: 72/18-1-18<br>അളവു പുസ്തകം - 165/16-17, 177/<br>16-17<br>കരാർ സംഖ്യ-<br>388000<br>ചെലവ് - 388000<br>ബിൽ നം. - 46/27-10-18 | 31-3-2018 | 17-9-2018 | 0 | 11629 (3%) | 11629 |
| | | | | | ആകെ | 156092 |

ഓഡിറ്റ് അന്വേഷണം നം.16/26-10-2019നുള്ള മറുപടിയിൽ ഈടാക്കുവാൻ വിട്ടുപോയ പിഴ കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-32 സൈറ്റ് കണ്ടീഷൻ വിലയിരുത്താതെ പദ്ധതികൾ ആവിഷ്കരിക്കുന്നത് ഒഴിവാക്കേണ്ടതാണ്

87/16-തറക്കളം എസ്.സി കോളനി റോഡ് മെറ്റലിംഗ് & ടാറിംഗ് എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി മൂന്ന് വർഷത്തിൽ അധികരിച്ചതിന്റെ കാരണം വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ - 295000

PAC-294481

കരാറുകാരൻ - ശ്രീ.സുരേഷ്.ജെ

എഗ്രിമെന്റ് നം.:52/19-8-15

അളവു പുസ്തകം - 155/15-16

കരാർ സംഖ്യ-295000

ചെലവ് - 295000

(ബിൽ നം.49/27-10-18 -2 ലക്ഷം, 50/27-10-18-95000 )

31-3-2016 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി മൂന്ന് വർഷത്തോളം സ്പിൽ ഓവറായി തുടർന്ന് 15-09-2018 നാണ് പൂർത്തീകരിച്ചിട്ടുള്ളത്.

19-08-2015 ന് കരാറുകാരൻ എഗ്രിമെന്റ് വെച്ച് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുമ്പോൾ സൈറ്റിനെക്കുറിച്ച് പരാതികളൊന്നും പറയാതിരുന്ന കരാറുകാരൻ മാസങ്ങൾ കഴിഞ്ഞ് 15-02-2016 ന് നൽകിയ അപേക്ഷ പ്രകാരം റോഡിന്റെ നടുവിലായി നാല് ഇലക്ട്രിക് പോസ്റ്റുകൾ നിൽക്കുന്നതിനാൽ പണി തുടങ്ങുവാൻ സാധിച്ചിട്ടില്ലെന്നും പോസ്റ്റുകൾ മാറ്റുന്നതുവരെ പ്രവൃത്തി പൂർത്തീകരിക്കുവാൻ സമയം അനുവദിച്ചു തരുവാൻ അപേക്ഷിച്ചിക്കുകയും ചെയ്തിട്ടുണ്ട്. പരാതിയിന്മേൽ ആരും തന്നെ അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയോ പൂർത്തീകരണ കാലാവധി ഔദ്യോഗികമായി ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. തുടർന്ന് ഓരോ വർഷവും പ്രോജക്ട്

സ്പിൽ ഓവറാക്കി മാറ്റുകയും 2018-19 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളത് പദ്ധതി മാനദണ്ഡങ്ങളുടെ ലംഘനമായി വിലയിരുത്തുന്നു.

ആകെ 3% പിഴ ഈടാക്കി അസ്സൽ കാലാവധിയുടെ 50% വരെ പരമാവധി കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ആയതിനുശേഷം കരാറുകാരൻ പ്രവൃത്തി ചെയ്യുന്നത് അനധികൃതമായി കണക്കാക്കേണ്ടതാണെന്ന് PWD മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പ്രവൃത്തിൽ 5900 രൂപ മാത്രമാണ് പിഴ ഈടാക്കിയിട്ടുള്ളത്. പി.എ.സി യുടെ 3% ആയ 8834 രൂപ ഈടാക്കേണ്ടിയിരുന്നു. കുറവു വന്ന 2934 രൂപ ഈടാക്കേണ്ടതാണ്. വ്യക്തമായ അന്വേഷണ റിപ്പോർട്ട് തയ്യാറാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. പൂർത്തീകരണ കാലാവധി വർഷങ്ങളോളം അനധികൃതമായി ദീർഘിപ്പിച്ചു നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 19/26-10-2019 ന് തൃപ്തികരമായ മറുപടി ലഭ്യമായില്ല. കുറവു വന്ന പിഴ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സൈറ്റ് കണ്ടീഷൻ കൃത്യമായി വിലയിരുത്തേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-33 ടാറിംഗ് പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തിയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലീൻ കേരള മിഷൻ മുഖേന ആവശ്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ലഭ്യമാകുന്നതാണെന്നും സർക്കുലറിൽ സൂചിപ്പിച്ചിട്ടുണ്ട്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ ആയതനുസരിച്ച് 5 പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്.

താഴെ പറയുന്ന പ്രവൃത്തിക്കായി 106.972 കി.ഗ്രാം പ്ലാസ്റ്റിക് അനുവദിച്ചു തരുവാൻ 9-1-18 ലെ കത്ത് പ്രകാരം അസി. എഞ്ചിനിയർ പാലക്കാട് നഗരസഭാ സെക്രട്ടറിക്ക് കത്തു നൽകിയെങ്കിലും ആയത് ലഭ്യമായതായി കാണുന്നില്ല.

105/28-തഹസീൽദാർപ്പാടം ചീരണി റോഡ് ടാറിംഗ്

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 18/26-10-2019 നുള്ള മറുപടിയിൽ 2017-18 വർഷത്തിൽ 5 പ്രവൃത്തികളിലായി 1219.4 മീ. നീളത്തിലുള്ള റോഡിൽ 438.59 Kg ടാർ ഉപയോഗപ്പെടുത്തിയതായും 2019-20 വർഷത്തെ 21 ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

പരമാവധി പ്രവൃത്തികളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-34 മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ.

മാഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങളുടെ എണ്ണം 4854 ആണ്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ ലഭിച്ചവരാണ്. തൻവർഷം 701 പദ്ധികൾക്കുള്ള അംഗീകാരം ലഭ്യമാവുകയും പ്രൊജക്റ്റുകൾക്കായി 47764000/- രൂപ(ലേബർ ബജറ്റ്) അടങ്കലായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 418 പദ്ധതികളാണ് 2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹിച്ചിട്ടുള്ളത്. ആയതിൽ 365 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. 2740 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചതിൽ 133 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ടതിന് ശേഷം തൊഴിൽ ലഭ്യമാവാത്തവരും തൊഴിൽ രഹിത വേതനം നൽകപ്പെട്ടവരുമായി ആരുംതന്നെയില്ല.

പ്രവൃത്തികളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സ്ഥിര ആസ്തികൾ ഒന്നും തന്നെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. സാധന സാമഗ്രികൾ ആവശ്യമുള്ള പ്രവൃത്തികളൊന്നും തൻവർഷം ഏറ്റെടുത്തിട്ടില്ല. പദ്ധതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| ജല സംരക്ഷണം | 36 | 30.63 |
| വരൾച്ച തടയൽ | 7 | 2.04 |
| ചെറുകിട ജലസേചനം | 39 | 156.91 |
| ഭൂവികസനം | 4 | 15.79 |
| പരമ്പരാഗത ജലസ്രോതസുകളുടെ പുനരുദ്ധാരണം | 17 | 48.38 |
| പട്ടിക ജാതി -പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 262 | 67.79 |
| ആകെ | 365 | 321.54 |

കൂടുതൽ ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുവാനും പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-35 ഗ്രാമപഞ്ചായത്തിന്റെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരം ഖരമാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി ധാരാളം അധികാരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശാസ്ത്രീയ മാലിന്യ പരിപാലനം സുസ്ഥിരമാക്കുന്നതിനായി ഹരിത കേരള മിഷന്റെ ഭാഗമായി മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 2016 ൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പോലുള്ള കേന്ദ്ര നിയമങ്ങളും നിലവിലുണ്ട്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലും സബ്ഡിഡി മാനദണ്ഡങ്ങളിലും മാലിന്യ സംസ്കരണം ഫലപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത് തൻവർഷം സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാണോ എന്നും വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

## 1. കണ്ടിൻജന്റ് ജീവനക്കാരുടെ വിവരം

ഗ്രാമപഞ്ചായത്തിൽ 12 എഫ്.ടി.എസ് മാരുടെ സ്ഥിരം തസ്തിക അനുവദിക്കപ്പെട്ടിട്ടുണ്ട്. 5 ജീവനക്കാർ പെൻഷൻ ആയതിനുശേഷം ഒഴിവുകൾ നികത്തിയിട്ടില്ല. ഒഴിവുള്ള 5 തസ്തികകളിൽ 3 പേരെ താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

മാലിന്യങ്ങൾ വേർതിരിക്കുന്നതിനായി 4 പേരെ പഞ്ചായത്ത് വക മാലിന്യ സംസ്കരണ പ്ലാന്റിലും 4 പേരെ മാലിന്യ ശേഖരണത്തിനായി ഫീൽഡിലും നിയോഗിച്ചിട്ടുണ്ട്. എഫ്.ടി.എസിൽ 2 പേരെ ഓഫീസിലും നിയോഗിച്ചിട്ടുണ്ട്. മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്ന ട്രാക്ടറിന് ഒരു ഡ്രൈവറേയും താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

## 2. മാലിന്യ ശേഖരണത്തിനായി ഉപയോഗിക്കുന്ന വാഹനം

ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ ഒരു ട്രാക്ടറിന്റെ സഹായത്തോടെ ശേഖരിച്ച് 18-ം വാർഡിലെ ശ്മശാനത്തിന് സമീപമുള്ള പഞ്ചായത്ത് വക സ്ഥലത്താണ് നിക്ഷേപിച്ചു വരുന്നത്. ജൈവ-അജൈവ മാലിന്യങ്ങൾ സ്രോതസ്സിൽ നിന്നും വേർതിരിച്ച് ശേഖരിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219എം പ്രകാരം മാലിന്യം നീക്കം ചെയ്യുന്നതിന് മൂടിയില്ലാത്ത ഏതെങ്കിലും വണ്ടി ഉപയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത സംവിധാനം ഇല്ലാത്ത വാഹനമാണ് മാലിന്യ നീക്കത്തിനായി നിലവിൽ ഉപയോഗിച്ചു വരുന്നത്.

## 3. ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ പൂർത്തീകരണം ഉറപ്പാക്കിയില്ല

25.2.2017 ലെ പഞ്ചായത്ത് തീരുമാനം 1(1) പ്രകാരം 18-ാം വാർഡിലെ പഞ്ചായത്ത് വക സ്ഥലത്ത് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ ഐ.ആർ.ടി.സി മുണ്ടൂരിനെയാണ് ഏൽപ്പിച്ചിരുന്നത് തുമ്പൂർമൊഴി മോഡലിൽ Aerobic Composit Unit Model പ്രവൃത്തി ചെയ്യുവാനാണ് ലക്ഷ്യമിട്ടത്. 10 ബിന്നുകളും ഒരു സ്റ്റോർ റൂമും ഉൾകൊള്ളുന്ന ഷെഡ് നിർമ്മാണം, ബിന്നിൽ നിന്നും ലീച്ചെറ്റ് ശേഖരിക്കുന്നതിന് ഒരു ടാങ്ക്, പ്ലാന്റിന്റെ മുൻവശത്ത് ടൈൽസ് പാകൽ, വാട്ടർ ടാങ്ക് സംമ്പ്, ഇലക്ട്രിഫിക്കേഷൻ, മാലിന്യം അരിച്ചെടുക്കുന്നതിന്

സ്വീവിംഗ് മെഷീൻ, പ്ലാസ്റ്റിക് പൊടിച്ചെടുക്കുന്നതിന് ഷ്രെഡിംഗ് മെഷീൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്.

പ്ലാന്റിനായി 35 ലക്ഷം രൂപയാണ് വകയിരുത്തിയത്. ശുചിത്വ മിഷനിൽ നിന്നും നം. 13/12/C1/17/SM തിയതി 24.3.17 പ്രകാരം 34.30 ലക്ഷത്തിന്റെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. പ്ലാന്റ് നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിയായ IRTC മുണ്ടൂരുമായി 18.5.2017 ന് ഒപ്പുവെച്ച ധാരണാപത്രം അനുസരിച്ച് 5 ഗഡുക്കളായാണ് തുക നൽകേണ്ടിയിരുന്നത്.

എ. നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്തം

2017-18 വർഷത്തിൽ മൂന്ന് ഗഡുക്കളായി ആകെ 2058000 രൂപ ഐ.ആർ.ടി.സിക്ക് നൽകുകയും പ്ലാന്റിന്റെ നിർമ്മാണം ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കരാർ കാലാവധി 18.11.2017 വരെയായിരുന്നുവെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ തുടർന്നുള്ള രണ്ട് ഗഡുക്കൾ നാളിതുവരെ ഐ.ആർ.ടി.സിക്ക് നൽകിയിട്ടില്ല.

പ്ലാന്റ് നിർമ്മാണത്തിനായി ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിക്ഷേപിച്ച 14,42,000 രൂപ ചെലഴിക്കാതെ അവശേഷിക്കുന്നുണ്ട്. 2018-19 വർഷത്തിൽ 1375203 രൂപ ഐ.ആർ.ടി.സിക്ക് നൽകുന്നതിനായി ഒരു പ്രോജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും (250/19) തുക നൽകിയിട്ടില്ല. വിവിധ തിയതികളിൽ ഐ.ആർ.ടി.സി ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടുണ്ടെങ്കിലും കരാർ കാലാവധി അവസാനിച്ചതിനുശേഷം സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് കരാർ പുതുക്കി പൂർത്തീകരണ തിയതി പുനർനിശ്ചയിച്ചിട്ടില്ല.

## 4. മെറ്റീരിയിൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും വേർതിരിച്ച് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് വയ്ക്കുന്നതിനുള്ള എം.സി.എഫ് സെന്ററിന്റെ നിർമ്മാണം 2018-19 വർഷത്തിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും ആയത് പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

15-ാം വാർഡിലെ കരളക്കോട് എന്ന സ്ഥലത്ത് 185.87 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പ്രോജക്റ്റ് നം.98/19-എം.സി.എഫ് സെന്റർ

അടങ്കൽ - 2901500 (വികസന ഫണ്ട് - 1701500 + ശുചിത്വമിഷൻ ഫണ്ട് - 1200000)

കരാറുകാരൻ - ശ്രീ.കാസിം.എസ്

29-12-2018 ന് എഗ്രിമെന്റ് വെച്ച പ്രവൃത്തിയുടെ കാരാവധി 9 മാസമാണ്.

നാളിതുവരെ 1026709 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഓഡിറ്റ് തിയതി വരെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

## 5. ഹരിത കർമ്മസേന

ഹരിതകർമ്മസേന രൂപീകരിക്കുന്നതിനായി 36 പേരെ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും 7 പേർ മാത്രമാണ് പ്രവർത്തിക്കുവാൻ താത്പര്യം പ്രകടിപ്പിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് അധികൃതർ

അറിയിച്ചു. കച്ചവട സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നോട്ടീസ് വിതരണം നടത്തി ബോധവത്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്. യൂസർ ഫീ എത്രയെന്ന് തീരുമാനിക്കുകയോ വീടുകളിൽ നിന്ന് അജൈവ മാലിന്യ ശേഖരണം ആരംഭിക്കുകയോ ചെയ്തിട്ടില്ല.

## 6. ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനളോട് നിർദ്ദേശിക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിരുന്നു. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 219A മുതൽ 219X വരെയുള്ള വകുപ്പുകൾ, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

## 7. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ

### എ. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്സ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ ഷ്രെഡ്ഡിംഗ് മെഷീൻ സ്ഥാപിച്ച് പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യതയും പരിശോധിച്ചിട്ടില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടെങ്കിലും പഞ്ചായത്തിന്റെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം ഫലപ്രദമല്ല എന്ന് വിലയിരുത്തുന്നു.

## ബി. ഹരിത കേരള മിഷൻ

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യരഹിത തദ്ദേശഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുവാനും ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ എന്നിവരുടെ സാങ്കേതിക സഹായം തേടാനും ഗ്രാമപഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

## സി. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8ൽ ഖര-ദ്രവ മാലിന്യ സംസ്കരണ ത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്.

വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി സബ്സ്ഡി നൽകുന്നതിനുള്ള പ്രോജക്ടുകൾ തൻവർഷം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ബയോഗ്യാസ് പ്ലാന്റ്, ഗാർഹിക കംപോസ്റ്റ് മുതലായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം പ്രോൽസാഹിപ്പിക്കുന്നതിനായി മുൻഗണന നൽകിയിട്ടില്ല.

## 8. കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ചുള്ള നടപടികൾ, പരിശോധനാ സംവിധാനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219 എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള അധികാരം പഞ്ചായത്ത് കാര്യക്ഷമമായി പ്രയോഗിക്കുന്നില്ല എന്ന് രേഖകളുടെ പരിശോധനയിലും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും ബോധ്യപ്പെട്ടു.

മാലിന്യ നിയന്ത്രണത്തിനായി നിയമപ്രകാരം നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുകയും ആരോഗ്യ വകുപ്പ് ജീവനക്കാർ, പൊലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണത്തോടെ പരിശോധനാ സംവിധാനം കർശനമാക്കുകയും ആരോഗ്യ-വിദ്യാഭ്യാസ

സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കുകയും ചെയ്താൽ സുസ്ഥിര മാലിന്യ നിയന്ത്രണം എന്ന ലക്ഷ്യം കൈവരിക്കാവുന്നതാണ്.

## 9. പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ അനുസരിച്ച് പുറപ്പെടുവിച്ച 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞത് 4000 രൂപ പ്രതിമാസം പരിപാലന ഫീയായി പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ നിയന്ത്രണ സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിൽ വ്യാപാര സ്ഥാപനങ്ങളിലെ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിയന്ത്രിക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചിട്ടില്ല.

### എ. പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളുടെ പാലനം വിലയിരുത്തൽ

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ചട്ടം | നിബന്ധന | നഗരസഭയിലെ സ്വീകരിച്ച നടപടി |
|---|---|---|
| 4 | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 50 മൈക്രോണിൽ കുറയുവാൻ പാടില്ല | ക്യാരി ബാഗുകൾ നിയന്ത്രിക്കുന്നതിനായി ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്താവുന്ന പ്ലാസ്റ്റിക് മാലിന്യം, രജിസ്ട്രേഷൻ ഉള്ളവർക്ക് നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. | നടപടി സ്വീകരിച്ചിട്ടില്ല. |
| 5, 6 | പുനചംക്രമണം നടത്തുവാൻ സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മാണം, ഊർജ്ജോൽപാദനം തുടങ്ങിയവയ്ക്ക് ഉപയോഗിക്കേണ്ടതാണ്. | 5 റോഡുകളുടെ നിർമ്മാണത്തിൽ 440 കി.ഗ്രാം ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളിൽ നിന്നുമാണ് പ്ലാസ്റ്റിക് ലഭ്യമാക്കുന്നത്. |
| 6 | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുക, ശേഖരിക്കുക, കടത്തിക്കൊണ്ടു പോവുക, സംസ്കരിക്കുക, കയ്യൊഴിക്കുക. | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കാതെയാണ് ശേഖരിക്കുന്നത്.<br><br>കയ്യൊഴിക്കുന്നതിനുള്ള നടപടികൾ ഫലപ്രദമല്ല. |
| 6 | സ്റ്റേക്ക് ഹോൾഡർമാർക്കിടയിൽ ബോധവൽക്കരണം നടത്തുക. | എല്ലാ വിഭാഗക്കാർക്കിടയിലും ബോധവൽക്കരണം നടത്തുന്നില്ല. |
| 6 | പ്ലാസ്റ്റിക് മാലിന്യം പൊതു സ്ഥലങ്ങളിൽ കത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. | നടപടികൾ കാര്യക്ഷമമല്ല. |
| 6 | ചട്ടങ്ങളിലെ നിബന്ധനകൾ ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനം ഒരു | അത്തരത്തിൽ ബൈലോ രൂപീകരിച്ചിട്ടില്ല. |

| | | |
|---|---|---|
| | ബൈലോ രൂപീകരിക്കേണ്ടതാണ്. | |
| 8 | പ്ലാസ്റ്റിക് മാലിന്യ ഉൽപാദകർ മാലിന്യം ഉറവിടത്തിൽ വെച്ച് വേർതിരിക്കുകയും ഏജൻസികൾക്ക് കയ്യൊഴിക്കുകയും ചെയ്യുക. | അത്തരത്തിൽ കയ്യൊഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നില്ല. |
| 8 | ബൈലോ പ്രകാരമുള്ള യൂസർഫീ എല്ലാ മാലിന്യ ഉൽപാദകരും ഒടുക്കുവാൻ ബാധ്യസ്ഥരാണ്. | ബൈലോ രൂപീകരിച്ചിട്ടില്ല.<br><br>പ്ലാസ്റ്റിക് മാലിന്യം യൂസർഫീ ഈടാക്കി ശേഖരിക്കുന്നില്ല. |
| 15 | പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികൾ തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. കുറഞ്ഞത് 4000 രൂപ പ്രതിമാസം ഈടാക്കേണ്ടതാണ്. | അത്തരത്തിൽ ഫീസ് ഈടാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല. |

## 10. ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കൽ

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിനായി വ്യാപാരി-വ്യവസായികളുടെ യോഗം വിളിച്ച് ചേർക്കാവുന്നതാണ്. വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾക്കുള്ള ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുവാൻ ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്തിട്ടില്ല.

## 11. പഞ്ചായത്ത് തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്

ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

- സി.പി.ഐ ഓഫീസിന് മുൻവശത്തുള്ള സ്ഥലത്തെ മാലിന്യ നിക്ഷേപം പാവടി തിരുവള്ളൂർ വിദ്യാലയത്തിലെ കുട്ടികൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായും പ്രസ്തുത മാലിന്യം നീക്കുവാൻ സ്വകാര്യ വ്യക്തിയോടോ, കൈവശക്കാരനോടോ ആവശ്യപ്പെടുവാൻ ബോർഡിനോട് ശുപാർശ ചെയ്യുവാൻ 22-5-2018, 23-6-18, 27-12-2018, 29-01-2019 തിയതികളിൽ തീരുമാനമെടുത്തിട്ടുണ്ട്.
- ടൗൺ കേന്ദ്രീകരിച്ചുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുവാനും ഡ്രൈനേജ് വൃത്തിയാക്കി ഒഴുക്ക് നിലനിർത്തുവാനുമുള്ള ശുപാർശ നൽകുവാൻ 22-5-2018, 8-2-19 തിയതികളിൽ തീരുമാനിച്ചിട്ടുണ്ട്.
- ആബിന്ദ് ഹോസ്പിറ്റൽ, മറ്റ് വ്യാപാര സ്ഥാപനങ്ങൾ, ചെറുകിട കടകൾ എന്നിവയിൽ നിന്നുമുള്ള മലിനജലം റോഡിലൂടെ ഒഴുകുകയും ഓടകളിൽ തങ്ങി നിൽക്കുകയും ചെയ്യുന്നതിനാൽ ആശുപത്രി, കട ഉടമകൾ എന്നിവർക്ക് അറിയിപ്പ് നൽകുവാൻ ബോർഡിനോട് ശുപാർശ ചെയ്യുവാൻ 24-10-18 ൽ തീരുമാനിച്ചിട്ടുണ്ട്.

- ഗ്രാമപഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും സംയുക്ത തുക ഉപയോഗിച്ച് നടത്തുന്ന വേസ്റ്റ് പ്ലാന്റ് നിർമ്മാണം അനന്തമായി നീണ്ടു പോകുന്നതതിനാൽ പ്രസ്തുത കാര്യത്തിൽ ഇടപെടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുവാൻ ബോർഡിനോട് ശുപാർശ ചെയ്യുവാൻ 21-11-18 തിയതിയിൽ തീരുമാനമെടുത്തിട്ടുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ സമയബന്ധിതമായും ഫലപ്രദമായും നടപ്പാക്കാതിരുന്നതിനാലാണ് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പല തീരുമാനങ്ങളും ആവർത്തിക്കേണ്ടി വന്നിട്ടുള്ളതെന്ന് വിലയിരുത്തുന്നു.

## 12. മോണിറ്ററിംഗ് സംവിധാനം

മാലിന്യ സംസ്കരണത്തിനുള്ള പ്രോജക്റ്റുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല കുടിവെള്ളം, ശുചിത്വം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ്. അസി.എഞ്ചിനിയർ കൺവീനർ ആയ വർക്കിംഗ് ഗ്രൂപ്പിൽ ഫലപ്രദമായ പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള ചർച്ചകൾ ഉണ്ടായിട്ടില്ല. 16-2-2018, 15-10-2018 തിയതികളിലെ തീരുമാനങ്ങൾ പരിശോധിച്ചതിൽ മാലിന്യ സംസ്കരണത്തിനായുള്ള ക്രിയാത്മക നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയുള്ള ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർനടപടികൾ വിലയിരുത്തിയിട്ടില്ല. മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും ഉത്തരവാദപ്പെട്ട സംവിധാനങ്ങൾ ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു.

## 13. സ്ഥല പരിശോധനയുടെ വിവരം

18-ം വാർഡിലെ ശ്മശാനത്തിന് സമീപമുള്ള പഞ്ചായത്ത് വക സ്ഥലത്തുള്ള മാലിന്യ പ്ലാന്റ് ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാന്റിന്റെ മുൻവശത്തുള്ള പല്ലശ്ശേന-കൊല്ലങ്കോട് റോഡരികിലും പ്ലാന്റിൻറെ പരിസരത്തും മാലിന്യം കുന്നു കൂടിയ അവസ്ഥയിലാണെന്ന് ബോധ്യപ്പെട്ടു. ട്രാക്ടറിൽ എത്തിക്കുന്ന മാലിന്യത്തിൽ നിന്നും പ്ലാസ്റ്റിക് വേർതിരിക്കുവാൻ 4 ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഐ.ആർ.ടി.സി സ്ഥാപിച്ചിട്ടുള്ള ബിന്നുകളിൽ ജൈവ മാലിന്യം ശേഖരിച്ച് വളമാക്കി മാറ്റുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. ഐ.ആർ.ടി.സി ഏറ്റെടുത്ത പ്രവർത്തനങ്ങൾ പൂർത്തീകരിച്ചാൽ ഒരു പരിധി വരെ പഞ്ചായത്തിന്റെ മാലിന്യ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് വിലയിരുത്തുന്നു.

## 14. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഒന്നിൽ കൂടുതൽ കണ്ടിൻജന്റ് ജീവനക്കാരെ ഓഫീസ് ജോലികൾക്ക് നിയോഗിക്കുന്നത് പരമാവധി ഒഴിവാക്കേണ്ടതാണ്.

2. മാലിന്യ നീക്കത്തിനായുള്ള വാഹനം നിയമാനുസൃത മാനദണ്ഡങ്ങളോടെയാണെന്ന് ഉറപ്പാക്കേണ്ടതാണ്.

3. ഐ.ആർ.ടി.സി യുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ട താണ്. ഐ.ആർ.ടി.സി യുമായി മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വയ്ക്കേണ്ടതാണ്. പൂർത്തീകരണ തിയതി, നഷ്ടപരിഹാര വ്യവസ്ഥകൾ, തുടർ ഗഡുക്കൾ അനുവദിക്കുന്നതിനുള്ള നിബന്ധനകൾ എന്നിവ സപ്ലിമെന്ററി എഗ്രിമെന്റിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. പ്ലാന്റിന്റെ പൂർത്തീകരണത്തിനുശേഷമുള്ള പ്രവർത്തനങ്ങൾക്ക് തുടർ പദ്ധതി ആവിഷ്കരിച്ച് പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പ്ലാന്റിലെ ജീവനക്കാർക്കുള്ള പരിശീലനം, പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്ലാന്റിൽ എത്തുന്നത് നിയന്ത്രിക്കുന്നതിനുള്ള ഏർപ്പാടുകൾ മുതലായവ കണക്കിലെടുക്കേണ്ടതാണ്. പ്ലാന്റിന്റെ നടത്തിപ്പിനായി ഒരു നിയമാവലി രൂപീകരിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്.

5. ജൈവവള ഉത്പാദനവും വിപണനവും സാധ്യമാക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

6. എം.സി.എഫ് സെന്ററിന്റെ അടിയന്തിര പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്. സെന്റർ പ്രവർത്തനക്ഷമമാകുന്നതോടെ പ്ലാസ്റ്റിക് മാലിന്യങ്ങൾ മാലിന്യ സംസ്കരണ പ്ലാന്റിൽ എത്താത്ത വിധത്തിൽ മാലിന്യ ശേഖരണ, സംസ്കരണ പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്.

7. ഹരിത കർമ്മസേനയുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്.

8. ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള പരിശോധന ആരോഗ്യ വിഭാഗത്തിന്റെ കൂടി സഹായത്തോടെ നടത്തേണ്ടതാണ്.

9. ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

10. 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിയന്ത്രണം ഉറപ്പാക്കേണ്ടതാണ്.

11. റോഡ് പ്രവൃത്തികളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

12. പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഉറവിട മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കുവാൻ വർക്കിംഗ് ഗ്രൂപ്പിന്റേയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

13. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഹരിത കേരള മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

14. ബോധവത്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതും ബദൽ മാർഗ്ഗങ്ങൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

15. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219എ മുതൽ 219 എക്സ് വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

16. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശകൾ ഭരണ സമിതി അംഗീകരിച്ചതിനുശേഷം ആയവ നടപ്പാകുന്നുണ്ടെന്ന് കൂടി ഉറപ്പാക്കേണ്ടതാണ്.

17. പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തും പരിസരത്തും കുന്നു കൂടി കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതും പുറമേ നിന്നുള്ള മാലിന്യ നിക്ഷേപം തടയേണ്ടതുമാണ്.

18. പ്ലാന്റിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കേണ്ടതാണ്.

19. മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമാണെന്ന് അധികാര സ്ഥാനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 23/29-10-2019 മുഖേന വിഷയം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30-10-2019 ലെ എക്സിറ്റ് മീറ്റിംഗിലും വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ഓഡിറ്റ് നിർദ്ദേശങ്ങളിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.



ചിത്രം-1-IRTC നിർമ്മിച്ച മാലിന്യ സംസ്കരണ കേന്ദ്രം കെട്ടിടം, മാലിന്യ ശേഖരണത്തിനായുള്ള ട്രാക്ടർ



ചിത്രം-2-Aerobic Composit Unit



ചിത്രം-3-പ്ലാന്റിന്റെ മുൻവശത്തുള്ള റോഡരികിലെ മാലിന്യക്കൂമ്പാരം



**ചിത്രം-3-നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന എം.സി.എഫ് സെന്റർ**

## ഭാഗം -2

– ഒന്നുമില്ല -

## ഭാഗം -3

– ഒന്നുമില്ല -

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 10.07.2019 മുതൽ 11.07.2019 വരെ | നം.കെ.എസ്.എ-പി.കെ.ഡി21/997/ 2019(28)<br>തിയതി 26.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2072895 | ഉഴവു കൂലി | 2072895 | 0 |
| | | 150000 | വികലാംഗ സ്കോളർഷിപ്പ് | 150000 | 0 |
| | | 150000 | പാലിയേറ്റീവ് | 150000 | 0 |
| | | 944444 | ലൈഫ് മിഷൻ-പട്ടിക ജാതി വിഭാഗം | 944444 | 0 |
| | 2017-18 | 105470 | പാലിയേറ്റീവ് | 101552 | 3918 |
| | 2016-17 | 5600 | ODF | 0 | 5600 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1364628 | ലൈഫ് മിഷൻ-ജനറൽ | 1815556 * | 812833 |
| | | 1263761 | ലൈഫ് മിഷൻ-പട്ടികജാതി വിഭാഗം | | |
| | | 2940250 | ഉഴവുകൂലി | 2940250 | 0 |
| നെല്ലിയാമ്പതി പഞ്ചായത്ത് വിഹിതം-ലൈഫ് (ജോയിന്റ് വെഞ്ചർ) | 2018-19 | 1240000 | ലൈഫ് മിഷൻ-ജനറൽ | 800000 | 440000 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ | 2017-18 ന് മുമ്പ് | 17500 | ഗായത്രി വാട്ടർ ഷെഡ് (പിഡിസി ബാങ്ക്) | 0 | 17500 |

* 450928 രൂപ എസ്.സി വിഭാഗം ഫണ്ട് ജനറൽ വിഭാഗത്തിനായി ചെലവഴിച്ചു.

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്. ഇ. ബി | 247/19-പാലക്കോട് പോസ്റ്റ് മാറ്റൽ | 2279637/27-12-18 | 34998 | വിനിയോഗ സാക്ഷ്യ പത്രങ്ങൾ ലഭ്യമായിട്ടില്ല. | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | യു ണ്ടായി രുന്ന തുക | | | ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ (എം.എസ് )നം. 1000/10 തിയതി 24-3-2010 | 26999400 | 5748652 | 3243870 | - | 2504782 |
| ലൈഫ്-KURD FC Loan | KURDFC/ a2/289/2018 | 22370447 | 22370447 | 0 | 0 | 22370447 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | 2015-16 | 3.7 | പട്ടിക ജാതി വിഭാഗ ക്കാർ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണി |

| | | | | | |
|---|---|---|---|---|---|
| | | | | കളുള്ള പദ്ധതി കൾ | ച്ചിട്ടു ണ്ടെങ്കിലും അന്തിമ തീർപ്പ് ഉണ്ടാ യിട്ടില്ല. |

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 141529033 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 130712338 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 46800 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | - | - | - |

ഭാഗം 1 ൽ പ്രതിപാദിച്ച ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 18484 | ശ്രീമതി.ധന്യ.ടി.വി, അസി.എഞ്ചിനിയർ |
| 1-31(1) | 5387 | ശ്രീ.ഉണ്ണി.കെ.എസ്, അസി.എഞ്ചിനിയർ |
| 1-31(2, 3, 6-10) | 135390 | ശ്രീമതി.ശൈലജ.കെ.പി, അസി.എഞ്ചിനിയർ |

| | | |
|---|---|---|
| 1-31(4, 5) | 15315 | ശ്രീമതി.ധന്യ.ടി.വി, അസി.എഞ്ചിനിയർ |
| 1-32 | 2934 | ശ്രീമതി.ശൈലജ.കെ.പി, അസി.എഞ്ചിനിയർ |
| ആകെ | 177510 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 46800 | ഡോ.ശ്രുതി, മെഡിക്കൽ ഓഫീസർ(ഹോമിയോ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ധന്യ.ടി.വി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, കാലടി ഗ്രാമപഞ്ചായത്ത്, മലപ്പുറം | തളിക്കൽ വീട്, വരന്തരപ്പിള്ളി(പി.ഒ), തൃശ്ശൂർ-680303 |
| ശ്രീ.ഉണ്ണി.കെ.എസ്, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, പെരുവെമ്പ് ഗ്രാമപഞ്ചായത്ത് | 14/481, പ്രണവം, പനന്തൊടിക, മന്ദത്തുകാവ്, തണ്ണിശ്ശേരി(പി.ഒ), പാലക്കാട്-678501 |
| ശ്രീമതി.ഷൈലജ.കെ.പി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, പിണ്ടിമന ഗ്രാമപഞ്ചായത്ത് | ചിറ്റേത്തുകുടി വീട്, പാനിപ്ര(പി.ഒ), കോതമംഗലം, എറണാകുളം-686692 |
| ഡോ.ശ്രുതി, മെഡിക്കൽ ഓഫീസർ(ഹോമിയോ) | (അവധിയിൽ) | BSNLസ്റ്റാഫ് ക്വാർട്ടേഴ്സ്, പനമ്പള്ളി നഗർ, SBT |

| | | |
|---|---|---|
| | | അവന്യൂവിനു സമീപം, കൊച്ചി, എറണാകുളം. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി8/1110/02 തിയതി 2-7-2013 | 9 |
| 1997-98 | എൽ.എഫ്.പി8/1110/02 തിയതി 2-7-2013 | 4 |
| 1998-99 | എൽ.എഫ്.പി19/1543/07 തിയതി 12-10-2011 | 10 |
| 1999-2000 | എൽ.എഫ്.പി9/990/07 തിയതി 29-02-2008 | 7 |
| 2000-2001 | എൽ.എഫ്.പി9/991/07 തിയതി 8-01-2008 | 7 |
| 2001-2002 | എൽ.എഫ്.പി9/992/07 തിയതി 8-01-2008 | 7 |
| 2002-2003 | എൽ.എഫ്.പി6/202/08 തിയതി 19.9.10 | 5 |
| 2003-2004 | എൽ.എഫ്.പി6/342/08 തിയതി 6.9.10 | 12 |
| 2004-2005 | എൽ.എഫ്.പി6/77/08 തിയതി 2.9.10 | 1 |
| 2005-2006 | എൽ.എഫ്.പി8/1278/11 തിയതി 16.12.11 | 6 |
| 2006-2007 | എൽ.എഫ്.പി8/1279/11 തിയതി 10.11.11 | 8 |
| 2007-2008 | എൽ.എഫ്.പി8/2208/12 തിയതി 5.2.13 | 6 |

| | | |
|---|---|---|
| 2008-2009 | എൽ.എഫ്.പി8/1677/12 തിയതി 31.12.12 | 8 |
| 2009-2010 & 2010-2011 | എൽ.എഫ്.പി8/1006/13 തിയതി17.3.2014 | 7 |
| 2011-2012 | എൽ.എഫ്.പി8/1949/14 തിയതി 4.2.15 | - |
| 2012-13 | എൽ.എഫ്.പി19/464/15 തിയതി 13.4.15 | 4 |
| 2013-14 & 2014-15 | കെ.എസ്.എ - പികെഡി8/335/2016/7.4.16 | 5 |
| 2015-16 | കെ.എസ്.എ - പികെഡി19/2293/2016/28.12.16 | 1 |
| 2016-17 | കെ.എസ്.എ - പികെഡി19/1816/2017/23.10.17 | 9 |
| 2017-18 | കെ.എസ്.എ - പികെഡി19/1887/18/19-9-2018 | 25 |

തീർപ്പാക്കുവാൻ അവേശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 സാക്ഷ്യപത്രം

കെ.എസ്.എ-പി.കെ.ഡി21/997/2019(28)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145

തിയ്യതി : 26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും കെ.എസ്.എ-പി.കെ.ഡി21/997/2019(28)പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 31.03.2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു,

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊല്ലങ്കോട് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് -ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

<u>ന്യൂനതകളുടെ സംഗ്രഹം</u>

1) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരം ആവശ്യമായ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2) ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5) പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് കണക്കാക്കുന്നതിന് വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

6) കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

7) Festival Advance എന്ന ശീർഷകത്തിൽ -4000/- (നെഗറ്റീവ്) ബാലൻസാണ് അവശേഷിക്കുന്നത്.

8) പെർമിറ്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ്, കളക്ഷൻ എന്നിവ 69011 രൂപയാണ്. എന്നാൽ AFS പ്രകാരമുള്ള ഡിമാന്റ് 69011 രൂപയും കളക്ഷൻ 69084 രൂപയുമാണ് (73 രൂപ അധികം). ആയത് വിശദീകരിക്കപ്പെട്ടിട്ടില്ല.

9) ബാലൻസ് ഷീറ്റ് ബി 14-Stock in hand-Store ആയി 11800/- രൂപ അവശേഷിക്കുന്നുണ്ടെങ്കിലും വാല്യു ബേസ്ഡ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10) ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് KSEB-യ്ക്ക് കൈമാറിയ തുക "Advance to implementing agencies"എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയോ വിനിയോഗസാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കിയ ശേഷം മാത്രം അതാത് ശീർഷകത്തിലേക്ക് വരവ് വയ്ക്കുകയോ ചെയ്തിട്ടില്ല.

11) അരിയർ ഡിമാന്റ് മുൻവർഷ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ബുക്ക് അഡ്ജസ്റ്റ്മെന്റ്, പ്രയർ പീരിയഡ് ഇൻകം എന്നീ തുകകളുടെ കൃത്യത പരിശോധിക്കുവാനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

12) നിർവഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വിഇഒ, മെഡിക്കൽ ഓഫീസർ പിഎച്ച്സി, ഐസിഡിഎസ് സൂപ്പർവൈസർ, വെറ്ററിനറി സർജൻ എന്നിവർ കാഷ്ബുക്ക് സൂക്ഷിക്കുന്നത് TR 7A മാതൃകയിലല്ല.

13) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 3- Capital contribution, ആസ്തികൾക്ക് ഉപയോഗിച്ച തനത് ഫണ്ട്/ മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ആകെ തുക B11-Fixed assets, Depreciation, B11(a)-Capital work in progress എന്നിവ ചേർന്നുള്ള തുകയ്ക്ക് തുല്യമാകേണ്ടതാണ്. എന്നാൽ ഇവ പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD.21/997/2019(28)

Kerala State Audit Department,
District Audit Office, Palakkad.

Dated : 26.08.2019

Phone Number: 04912 520145

email: dopkd.ksad@kerala.gov.in.

CERTIFICATE

Certified that I have examined the Annual Financial Statement of Kollengode Grama Panchayat for the year ended on 31.03.2019 in Palakkad District in accordance with Section 4 of the Kerala local Fund Audit Act 1994, Section 215 of the Kerala panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and the Auditor General of India for the Certification of Accounts of Panchayathi Raj Institutions.

In my opinion the Financial Statement of Kollengode Grama Panchayat for the year 2018-19 subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

Deputy Director

Annexure

Abstracts of defects / Discrepancies

1) Basic ratios and notes on important accounting policies as per Rule 62 of the Kerala Panchayat Raj Accounts Rules 2011 have not been included in annual accounts.

2) Depreciation on assets for the current year is not recorded.

3) The asset register is not updated.

4) Provision for arrears has not been recorded in the Income and Expenditure Account.

5) The amounts paid as part bill are included in the head ‘Capital work in progress’, but the worksheet is not
prepared for calculation.

6) Lapsed deposit amounts have not been forfeited to the Own fund.

7) The balance of Festival advance (-)4000/- (negative) remains in the title of Festival Advance.

8) Demand and Collection as permit register is Rs.69011. But the demand under AFS is Rs 69011 and the collection is Rs 69084 (Rs 73 more). Reason not explained.

9) Although Rs 11800/- remains as Stock in hand on Balance Sheet, the stock register is not kept as value based.

10) The amount transferred to KSEB for deposit works has not been documented under the head “Advance to Implementing Agencies” nor has it been entered into expenditure head after submitting the Utilization Certificate and Final Bill.

11) Property Tax Arrear Demand does not match previous year Balance Sheet. Documents required to verify the accuracy of book adjustments and Prior Period Income have not been submitted to audit.

12) Implementing Officers do not maintain the Subsidiary Register. Cashbook kept by the VEO, Medical Officer PHC, ICDS Supervisor and Veterinary Surgeon, not in TR 7A format.

13) Balance Sheet Schedule B3- Capital Contribution, the total amount of own used for the assets/ maintenance grants should be equal to the sum of B11-Fixed Assets,

Depreciation and B11(a)-Capital work in progress. But these are incompatible.

Deputy Director

# അനുബന്ധം-2 വിവിധ പത്രികകൾ

1. Receipt and Payment Statement

| | | | |
|---|---|---|---|
| | Kollengode Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 3624735.00 |
| Cash | Cash | RP-40(a) | 142919.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2847807.00 |
| 130000000 | Rental income from Panchayat Properties | RP-3 | 9000.00 |
| 140000000 | Fees & User Charges | RP-4 | 1045198.00 |
| 150000000 | Sale & Hire Charges | RP-5 | 504507.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 85886216.00 |
| 171000000 | Interest Earned | RP-9 | 13568.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14102845.00 |
| 350000000 | Other Liabilities | RP-36 | 493367.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 16920.00 |
| 330000000 | Secured Loans | RP-32 | 22370447.00 |
| 340000000 | Deposits Received | RP-34 | 838211.00 |
| 350000000 | Other Liabilities | RP-36 | 592111.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12091966.00 |
| 460000000 | Loans, Advances and Deposits | RP-47 | 716870.00 |
| | Grand total | | 145296687.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3674200.00 |
| 220000000 | Administrative Expenses | RP-12 | 801872.00 |
| 230000000 | Operations & Maintenance | RP-13 | 7681971.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 8996031.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20211758.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3248581.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 3101630.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 2549460.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 16360621.00 |
| 280000000 | Prior Period item | RP-26 | 245015.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 13845639.00 |
| 350000000 | Other Liabilities | RP-36 | 7038487.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 280000000 | Prior Period Item | RP-26 | -20283.00 |
| 311000000 | Earmarked Funds | RP-29 | 0.0 |
| 330000000 | Secured Loans | RP-32 | 3243870.00 |
| 340000000 | Deposits Received | RP-34 | 202978.00 |
| 350000000 | Other Liabilities | RP-36 | 2735301.00 |
| 410000000 | Fixed Assets | RP-38 | 11431763.00 |
| 412000000 | Capital work in Progress | RP-40 | 1824592.00 |
| 440000000 | Pre-paid Expenses | RP-45 | 22370447.00 |
| 460000000 | Loans, Advances and Deposits | RP-47 | 1167756.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14478649.00 |
| Cash | Cash | RP-40(b) | 105700.00 |
| | Grand Total | | 145296687.00 |

2. Income and Expenditure Statement

| Kollengode Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31 March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7172269.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1386401.00 |
| 140000000 | Fee & User Charges | I-4(b) | 1565116.00 |
| 150000000 | Sale & Hire Charges | I-5(b) | 541439.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 161906209.00 |
| 171000000 | Interest Earned | I-8 | 13568.00 |
| 180000000 | Other Income | I-9 | 17070.00 |
| | Total Income | | 172602072.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13622298.00 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 801872.00 |
| 230000000 | Operations & Maintenance | I-12(b) | 7748871.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8996031.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 55198083.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3633973.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 3101630.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 59520760.00 |
| 255000000 | Maintenance Projects | I-14(e) | 16360621.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1500000.00 |
| | Total Expenditure | | 170484788.00 |
| | Gross Surplus/ Deficit of income over Expenditure | | 2117284.00 |
| 280000000 | Prior Period Item | I-18 | 312423.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 1804861.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3. Balance Sheet

| | | | |
|---|---|---|---|
| | **Kollengode Grama Panchayat BALANCE SHEET** | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 10225791.45 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 73736674.00 |
| | **Total Reserve & Surplus** | | **83962465.45** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6083886.00 |
| | **Total Grants, Contributions for Specific Purposes** | | **6083886.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 24875229.00 |

| | | | |
|---|---|---|---|
| | **Total Loans** | | **24875229.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1988723.00 |
| 350000000 | Other Liabilities | B-9 | 1722107.65 |
| | **Total Current Liabilities and Provisions** | | **3710830.65** |
| | **TOTAL LIABILITIES** | | **118632411.10** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 75942085.00 |
| 412000000 | Capital Work in Progress | B-11(a) | 937713.00 |
| | **Total Fixed Assets** | | **76879798.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 11800.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1677025.10 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 24875229.00 |
| 450000000 | Cash and Bank Balance | B-17 | 14584349.00 |
| 460000000 | Loans, Advances and Deposits | B-18 | 604210.00 |
| | **Total Current Assets, Loans and Advances** | | **0.0** |